<u>അഭ്യർത്ഥന</u>

അധികാര വികേന്ദ്രീകരണം നമ്മുടെ സംസ്ഥാനത്ത് നിലവിൽ വന്നതോടെ അധികാരം ജനങ്ങളിലേക്ക് നേരിട്ട് എത്തിയത് വഴി ഗ്രാമ പഞ്ചായത്തുകളുടെ അധികാരങ്ങളും, ചുമതലകളും വർദ്ധിച്ചിട്ടുണ്ട്. ഒരു നാടിന്റെ നാഡി സ്പന്ദനങ്ങൾ തിരിച്ചറിയുന്നവരാണ് പ്രാദേശിക സർക്കാരുകൾ. ഓരോരുത്തരുടേയും നിത്യജീവിതമായി പ്രാദേശിക സർക്കാരുകൾ ഏറെ ബന്ധപ്പെട്ട് കിടക്കുന്നു.

ജനങ്ങൾക്കുള്ള സേവനങ്ങൾ നിശ്ചയിച്ചിട്ടുള്ള സമയപരിധിയിലും, നേരത്തെ നൽകുന്നതിലൂടെയാണ് പഞ്ചായത്തുകൾ ജനമനസ്സുകളിൽ വിലയിരുത്തപ്പെടുന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ അടിസ്ഥാന ശിലകളിൽ പ്രധാനമാണ് പഞ്ചായത്തുകളുടെ ഭരണനിർവ്വഹണം സുതാര്യവും, കാര്യക്ഷമവും, ജനപക്ഷവുമായി നടത്തുക എന്നുള്ളതാണ് പഞ്ചായത്തുകളുടെ സേവനങ്ങൾ , വിവിധ പദ്ധതി എന്നിവ ആനുകൂല്യങ്ങൾ നേരിട്ടറിയുക എന്നത് ജനങ്ങളുടെ അവകാശമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകേണ്ട എല്ലാ സേവനങ്ങളും ജനങ്ങൾക്ക് നേരിട്ട് അറിയാൻ കഴിയുന്ന  കെ സ്മാർട്ട് സംവിധാനം നമ്മുടെ സംസ്ഥാനത്ത് നിലവിൽ വന്നു കഴിഞ്ഞു. കെ സ്മാർട്ട് സംവിധാനം വഴി ലോകത്തിന്റെ  ഏത് കോണിലും വെച്ച് ഓൺലൈൻ അപേക്ഷ സമർപ്പിക്കാനും, അതിന്റെ സ്ഥിതിവിവരം മനസ്സിലാക്കാനും, നികുതികൾ ഒടുക്കുവാനും സാധിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 272/എ വകുപ്പ് പ്രകാരം തയ്യാറാക്കിയ പൗരാവകാശ രേഖ 20.05.2026-ാം തീയ്യതി മുതൽ പ്രാബല്യത്തിൽ വരുത്തിയും, ആവശ്യമായ ഭേദഗതികളോടെ കാലോചിതമായി പുതുക്കിയും സസന്തോഷം പൊതുജന സമക്ഷം സമർപ്പിക്കുന്നു.

മടിക്കൈ
20.05.2026

വി പ്രകാശൻ
പ്രസിഡണ്ട്
മടിക്കൈ ഗ്രാമ പഞ്ചായത്ത്

# പൗരാവകാശ രേഖ - പൊതു അറിയിപ്പ്

### സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള പൊതു നിബന്ധനകൾ

മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ പൗരാവകാശ രേഖയിൽ പരാമർശിച്ചിട്ടുള്ള വിവിധ സേവനങ്ങൾ സുതാര്യമായും സമയബന്ധിതമായും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി താഴെ പറയുന്ന നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്:

**പ്രധാന മാർഗ്ഗനിർദ്ദേശങ്ങൾ:**

1. പൗരാവകാശ രേഖയിൽ ഉൾപ്പെട്ടിട്ടുള്ള സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിന് **കെ-സ്മാർട്ട് (K-SMART)** സംവിധാനം ഉപയോഗിക്കേണ്ടതാണ്.
2. അപേക്ഷകർ കെ-സ്മാർട്ട് പോർട്ടലിൽ **സിറ്റിസൺ ലോഗിൻ (Citizen Login)** ചെയ്ത് മാത്രമേ അപേക്ഷ സമർപ്പിക്കാൻ പാടുള്ളൂ.
3. ലോഗിൻ ചെയ്യുന്നതിനും അപേക്ഷ വെരിഫിക്കേഷൻ പൂർത്തിയാക്കുന്നതിനും അപേക്ഷകന്റെ **ആധാറുമായി ലിങ്ക് ചെയ്ത മൊബൈൽ നമ്പർ** നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്. പ്രസ്തുത നമ്പറിലേക്ക് വരുന്ന ഒ.ടി.പി (OTP) വഴിയാണ് സേവനങ്ങൾ സുരക്ഷിതമാക്കുന്നത്.
4. അപേക്ഷകൾ സമർപ്പിക്കുന്നതിനായി താഴെ കാണുന്ന ഔദ്യോഗിക വെബ്സൈറ്റ് വിലാസം മാത്രം ഉപയോഗിക്കുക: `ksmart.lsgkerala.gov.in/ui/webportal`

**സെക്രട്ടറി**
**മടിക്കൈ ഗ്രാമപഞ്ചായത്ത്**

## പൊതുവിവരങ്ങൾ

വിസ്തീർണ്ണം 51.6 ചതുരശ്ര കിലോമീറ്റർ

അതിരുകൾ

തെക്ക് : നീലേശ്വരം നഗരസഭ, കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്ത്, കാഞ്ഞങ്ങാട് നഗരസഭ

വടക്ക് : അജാനൂർ, പുല്ലൂർ-പെരിയ, കോടോംബേളൂർ ഗ്രാമപഞ്ചായത്തുകൾ

കിഴക്ക് : കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത്, കോടോംബേളൂർ ഗ്രാമ പഞ്ചായത്ത്

പടിഞ്ഞാറ്: കാഞ്ഞങ്ങാട് നഗരസഭ

വില്ലേജ് :മടിക്കൈ അമ്പലത്തറ

ബ്ലോക്ക് : കാഞ്ഞങ്ങാട്

ജില്ല : കാസറഗോഡ്

പാർലമെന്റ് നിയോജകമണ്ഡലം: കാസറഗോഡ്

പാർലമെന്റ് അംഗം: ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ

അസംബ്ലി നിയോജക മണ്ഡലം: കാഞ്ഞങ്ങാട്

എം എൽ എ: ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ജില്ലാ പഞ്ചായത്ത് ഡിവിഷൻ: മടിക്കൈ

മെമ്പർ: ശ്രീ. കെ സബീഷ്

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ

മടിക്കൈ: ശ്രീമതി. കെ സുജാത, പ്രസിഡണ്ട്

അമ്പലത്തുകര : ശ്രീ. ഗോവിന്ദൻ, വൈസ് പ്രസിഡണ്ട്

ജനസംഖ്യ ആകെ: 22051, സ്ത്രീകൾ: 11683, പുരുഷന്മാർ: 12001

പട്ടികജാതി ജനസംഖ്യ ആകെ: 325, സ്ത്രീകൾ: 155, പുരുഷന്മാർ: 152

പട്ടികവർഗ്ഗം ആകെ: 1264 സ്ത്രീകൾ: 653, പുരുഷന്മാർ: 650

ആകെ ഗ്രാമ പഞ്ചായത്ത് നിയോജക മണ്ഡലങ്ങൾ : 16

സ്ത്രീ സംവരണം : 8

പട്ടികവർഗ്ഗ സംവരണം : 1

| | |
|---|---|
| പോസ്റ്റ് ഓഫീസുകൾ | : 5- മടിക്കൈ, കാഞ്ഞിരപ്പൊയിൽ, എരിക്കുളം, ബങ്കളം, ഏച്ചിക്കാനം |
| ടെലിഫോൺ എക്സ്ചേഞ്ച് | : ഏച്ചിക്കാനം (പൂത്തക്കാൽ) |
| മരുന്ന് നിർമ്മാണ കമ്പനികൾ | : 2, (ജെനസ്റ്റോൺ, കല്ല്യാണി ആയുർവേദിക് കമ്പനി) |
| വ്യവസായം | : 2, വിദ്യുത് കാഷ്യു, യോഗേഷ് കാഷ്യു, സോളാർ എനർജി പാർക്ക്, മടിക്കൈ |
| ആരോഗ്യ സ്ഥാപനങ്ങൾ | : മടിക്കൈ എഫ് എച്ച് സി- പൂത്തക്കാൽ, മടിക്കൈ ഗവ. ആയുർവേദ ആശുപത്രി, ചാളക്കടവ്, എരിക്കുളം ഗവ. ഹോമിയോ ഡിസ്പെൻസറി, മടിക്കൈ വെറ്ററിനറി ഡിസ്പെൻസറി, [illegible] |

| 2026–2030 ഭരണസമിതി അംഗങ്ങൾ | | | | |
|---|---|---|---|---|
| ക്രമ.നം | പേര് | ഔദ്യോഗിക സ്ഥാനം | പ്രതിനിധീകരിക്കുന്ന വാർഡ് | ഫോൺനമ്പർ |
| 1 | വി പ്രകാശൻ | പ്രസിഡണ്ട് | XII | 9495457140 |
| 2 | ജ്യോതി പി വി | വൈസ് പ്രസിഡണ്ട് & ചെയർപേഴ്സൺ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | XVI | 9961362811 |
| 3 | എ രാജൻ | ചെയർമാൻ, വികസന സ്റ്റാൻറിംഗ് കമ്മിറ്റി | V | 8547240645 |
| 4 | പത്മിനി പി വി | ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി | XIV | 9497359332 |
| 5 | പി കുഞ്ഞികൃഷ്ണൻ | ചെയർമാൻ, ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി | VIII | 8714351602 |
| 6 | ശോഭന കെ | മെമ്പർ | I | 9526321423 |
| 7 | പുഷ്പാവതി എം | മെമ്പർ | II | 8943305543 |
| 8 | സതി പി | മെമ്പർ | III | 9544071920 |
| 9 | കെ വി ബാലൻ | മെമ്പർ | IV | 9495494381 |
| 10 | സുമതി വി | മെമ്പർ | VI | 9562360600 |
| 11 | വി ബാലകൃഷ്ണൻ | മെമ്പർ | VII | 9847171866 |
| 12 | ഇ. സുധീഷ് | മെമ്പർ | IX | 9656446702 |
| 13 | ശാന്തിനി സി വി | മെമ്പർ | X | 9961487017 |
| 14 | ബിന്ദു കെ ബി | മെമ്പർ | XI | 9645603322 |
| 15 | കെ ഭാസ്കരൻ | മെമ്പർ | XIII | 9946660850 |
| 16 | പി ഓമന | മെമ്പർ | XV | 9400440311 |

| ജീവനക്കാരുടെ പേര് വിവരം | | |
|---|---|---|
| ക്ര.നം. | പേര് | തസ്തിക |
| 1 | ബിജു കെ. | സെക്രട്ടറി |
| 2 | ബാബു അപ്യാൽ | അസിസ്റ്റന്റ് സെക്രട്ടറി |
| 3 | പ്രശാന്ത് കെ.വി. | ഹെഡ്ക്ലർക്ക് |
| 4 | നിധിൻ എസ്. | അക്കൗണ്ടന്റ് |
| 5 | ദിവ്യ പി. | സീനിയർ ക്ലർക്ക് |
| 6 | രജീന എം.വി. | സീനിയർ ക്ലർക്ക് |
| 7 | ശ്രീകല പി.ടി. | ക്ലർക്ക് |
| 8 | ഷൈജു കെ. | ക്ലർക്ക് |
| 9 | ആശാലത കെ.എസ്. | ക്ലർക്ക് |
| 10 | ജോബ് സി.എക്സ്. | ക്ലർക്ക് |
| 11 | ജയേഷ് എ. | ഓഫീസ് അറ്റന്റന്റ് |
| 12 | രമണി വി.പി. | നേഴ്സറി ആയ |

## വിവരാവകാശ നിയമം 2005

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സെക്രട്ടറി, മടിക്കൈ ഗ്രാമ പഞ്ചായത്ത്
മേക്കാട്ട്, നീലേശ്വരം (വഴി), മടിക്കൈ പി.ഒ. - 671 314,
കാസറഗോഡ് (ജില്ല)
ഫോൺ: 9496049653.

അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ഹെഡ് ക്ലർക്ക്, മടിക്കൈ ഗ്രാമ പഞ്ചായത്ത്
മേക്കാട്ട്, നീലേശ്വരം (വഴി), മടിക്കൈ പി.ഒ. - 671 314,
കാസറഗോഡ് (ജില്ല)
ഫോൺ: 0467-2240680.

അപ്പലേറ്റ് അതോറിറ്റി
തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ,
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റെ ഡയരക്ടറുടെ കാര്യാലയം
കാസറഗോഡ്
ഫോൺ: 04994-255782.

<u>ഗ്രാമപഞ്ചായത്തിന്റെ അധികാരങ്ങളും ചുമതലകളും</u>

ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 243 (ബി) അനുസരിച്ചും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ചും രൂപംകൊണ്ട പ്രാദേശിക സർക്കാറായ ഗ്രാമപഞ്ചായത്തിന് കേന്ദ്ര–സംസ്ഥാന സർക്കാറുകളെ പോലെ, നിയമം മൂലം വ്യവസ്ഥ ചെയ്യപ്പെട്ട ചുമതലകളും ഉത്തരവാദിത്തങ്ങളും ഉണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമത്തിനൊപ്പം അനുബന്ധ നിയമങ്ങളായ കേരള വിദ്യാഭ്യാസ നിയമം, ജനന -മരണ രജിസ്ട്രേഷൻ നിയമം, പബ്ലിക് ഹെൽത്ത് നിയമം, കേന്ദ്ര നിയമങ്ങളായ വിവരാവകാശ നിയമം, ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കൽ നിരോധന നിയമം തുടങ്ങി വിവിധ നിയമങ്ങളിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്യപ്പെട്ട പ്രകാരമുള്ള ചുമതലകളും ഉത്തരവാദിത്തങ്ങളും കൂടി അതിന് നിർവ്വഹിക്കേണ്ടതുണ്ട്.

പഞ്ചായത്തുകളുടെ രൂപീകരണ ലക്ഷ്യത്തിന് ഉചിതവും യുക്തവുമായ ഏതൊരു കാര്യവും നിർവ്വഹിക്കുന്നതിനുള്ള ക്ഷമതയും നിശ്ചിത ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനുള്ള ഉത്തരവാദിത്തവും അധികാരവും ശക്തിയും ഗ്രാമപഞ്ചായത്തിനുണ്ട്. ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാത്ത സ്വതന്ത്രവും സുസ്ഥാപിതവുമായ ഒരു ഏകീകൃത നിയമമാണ് ഗ്രാമപഞ്ചായത്ത്.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ മൂന്നാം പട്ടികയിൽ ചേർത്തിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ താഴെ കൊടുക്കുന്നു. (കേരള പഞ്ചായത്ത് രാജ് നിയമം 166 വകുപ്പ് (1)-ാം ഉപവകുപ്പ് 3-ാം പട്ടിക)

<u>എ.</u>

അനിവാര്യ ചുമതലകൾ

1. കെട്ടിട നിർമ്മാണം നിയന്ത്രിക്കുക.
2. പൊതുസ്ഥലങ്ങൾ കയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക.
3. പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക.
4. കുളങ്ങളും മറ്റ് ജലസംഭരണികളും സംരക്ഷിക്കുക.
5. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക.
6. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക, ദ്രവ മാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക.
7. പേമാരിമൂലമുണ്ടാകുന്ന വെള്ളം ഒഴുക്കിക്കളയുക.
8. പരിസ്ഥിതി ആരോഗ്യരക്ഷകമായി സംരക്ഷിക്കുക.
9. പൊതുമാർക്കറ്റുകൾ പരിപാലിക്കുക.
10. സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക.
11. മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം, എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വിൽപ്പന മുതലായവ നിയന്ത്രിക്കുക.
12. ഭക്ഷണ ശാലകളെ നിയന്ത്രിക്കുക.
13. ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക.
14. റോഡുകളും മറ്റ് പൊതുമുതലുകളും സംരക്ഷിക്കുക.
15. തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക.
16. രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക.
17. രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക.

18. ശവപറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
19. അപകടകരവും അസഹ്യകരവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുക.
20. ജനനവും മരണവും രജിസ്റ്റർ ചെയ്യുക.
21. കുളിക്കടവുകളും അലക്ക് കടവുകളും സ്ഥാപിക്കുക.
22. കടത്തുകൾ ഏർപ്പെടുത്തുക.
23. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക.
24. യാത്രക്കാർക്കായി വെയ്റ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക.
25. പൊതുസ്ഥലങ്ങളിൽ മൂത്രപ്പുരയും, കക്കൂസും, കുളിസ്ഥലങ്ങളും ഏർപ്പെടുത്തുക.
26. മേളകളുടെയും ഉത്സവങ്ങളുടെയും നടത്തിപ്പ് ക്രമീകരിക്കുക.
27. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുക.

ബി.

പൊതുവായ ചുമതലകൾ

1. ആവശ്യസ്ഥിതിവിവരകണക്കുകൾ ശേഖരിക്കുകയും കാലാനുസൃതമാക്കുകയും ചെയ്യുക.
2. സ്വാശ്രയ പ്രവർത്തകരെ സംഘടിപ്പിക്കുകയും കൂട്ടായ പ്രവർത്തനങ്ങളിൽ ഭാഗവാക്കാക്കുകയും ചെയ്യുക.
3. മിതവ്യയം ശീലിക്കുന്നതിന് പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.
4. മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, സ്ത്രീധനം, സ്ത്രീകളെയും കുട്ടികളെയും പീഡിപ്പിക്കൽ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ ബോധവൽക്കരണം നടത്തുക.
5. വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക.
6. പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
7. പരിസ്ഥിതി സംബന്ധിച്ച ബോധവൽക്കരണം നടത്തുകയും അതിന്റെ ഉന്നമനത്തിനായി പ്രാദേശിക പ്രവർത്തന പരിപാടികൾക്ക് പ്രേരണ നൽകുകയും ചെയ്യുക.
8. സഹകരണ മേഖല വികസിപ്പിക്കുക.
9. സാമുദായിക ഐക്യം മെച്ചപ്പെടുത്തുക.
10. വികസനാവശ്യങ്ങൾക്ക് ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്നത് ഉൾപ്പെടെ പണമായോ വസ്തുക്കളായോ പ്രാദേശികമായി വിഭവ സമാഹരണം നടത്തുക.
11. ദുർബല വിഭാഗങ്ങൾക്കിടയിൽ നിയമ ബോധവൽക്കരണം പ്രചരിപ്പിക്കുക.
12. സാമ്പത്തിക കുറ്റങ്ങൾക്കെതിരെ പ്രചാരണം നടത്തുക.
13. പാവപ്പെട്ടവരെ കേന്ദ്രീകരിച്ച് അയൽക്കൂട്ടങ്ങളും സ്വാശ്രയ സംഘങ്ങളും രൂപീകരിക്കുക.
14. പൗരധർമ്മത്തെപ്പറ്റി ബോധവൽക്കരണം നടത്തുക.

സി.
മേഖല തിരിച്ചുള്ള ചുമതലകൾ
1. കൃഷി:

- തരിശുഭൂമികളും പ്രാന്തപ്രദേശങ്ങളും കൃഷി ചെയ്യിപ്പിക്കുക.
- ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുക.
- മണ്ണ് സംരക്ഷണം.
- ജൈവവള ഉൽപാദനം.
- തടയണകൾ സ്ഥാപിക്കുക.
- സഹകരണ കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക.
- കൃഷിക്കാർക്കിടയിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുക.
- ഉദ്യാനകൃഷിയും പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുക.
- കാലിത്തീറ്റ വിള വികസനം.
- സസ്യസംരക്ഷണം.
- വിത്തുല്പാദനം.
- കൃഷിയിടങ്ങളിലെ യന്ത്രവൽക്കരണം.
- കൃഷിഭവനുകളുടെ നടത്തിപ്പ്.

2. മൃഗസംരക്ഷണവും ക്ഷീരോൽപാദനവും:
- ആട്, മുയൽ വളർത്തുക.
- മൃഗാശുപത്രികൾ നടത്തുക.
- ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ നടത്തുക.
- മൃഗങ്ങൾക്കായുള്ള പ്രതിരോധ ആരോഗ്യപരിപാടികൾ.
- മൃഗങ്ങളോടുള്ള ക്രൂരത തടയുക.
- പ്രത്യുല്പാദനക്ഷമതാ വികസന പരിപാടികൾ നടപ്പാക്കുക.
- മൃഗജന്യമായ രോഗങ്ങൾ നിയന്ത്രിക്കുക.

3. ചെറുകിട ജലസേചനം:
- ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിനകത്ത് വരുന്ന എല്ലാ ചെറുകിട ജലസേചന പദ്ധതികളും പരിപാലിക്കുകയും നടപ്പാക്കുകയും ചെയ്യുക.
- എല്ലാ സൂക്ഷ്മ ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക.
- ജലസംരക്ഷണം പ്രാവർത്തികമാക്കുക.

4. മത്സ്യബന്ധനം:
- കുളങ്ങളിലെ മത്സ്യസമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലെയും ക്ഷാര ജലത്തിലെയും മീൻ വളർത്തലും സമുദ്ര വിഭവ വികസനവും നടപ്പാക്കുക.
- മത്സ്യകുഞ്ഞുങ്ങളുടെ ഉല്പാദനവും വിതരണവും വികസിപ്പിക്കുക.
- മീൻപിടുത്തത്തിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക.
- മത്സ്യ വിപണനത്തിനുള്ള സഹായം നൽകുക.
- മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകുക.
- മത്സ്യതൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പാക്കുക.

5. സാമൂഹ്യ വനവൽക്കരണം:
- കാലിത്തീറ്റയ്ക്കോ വിറകിനോ വേണ്ടിയുള്ള വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും ഉൽപാദിപ്പിക്കുക.
- വൃക്ഷം നട്ടുപിടിപ്പിക്കുന്നതിനും പരിസ്ഥിതി ബോധവൽക്കരണം നടത്തുന്നതിനുമായി പ്രചരണങ്ങൾ സംഘടിപ്പിക്കുക.
- പാഴ്ഭൂമിയെ വനവൽക്കരിക്കുക.

6. ചെറുകിട വ്യവസായങ്ങൾ:
- കുടിൽ-ഗ്രാമീണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
- കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക.
- പരമ്പരാഗതവും ചെറുതുമായ വ്യവസായങ്ങളെ വികസിപ്പിക്കുക.

7. ഭവന നിർമ്മാണം:
- ഭവനരഹിതരെയും പുറമ്പോക്ക് നിവാസികളെയും കണ്ടെത്തി ഭവനനിർമ്മാണത്തിനായി ഭൂമിയും ഭവനങ്ങളും നൽകുക.
- ഗ്രാമീണ ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കുക.
- അഭയ കേന്ദ്രങ്ങളുടെ ഉദ്ധാരണ പരിപാടികൾ നടപ്പാക്കുക.

8. ജലവിതരണം:
- ഒരു ഗ്രാമപഞ്ചായത്തിനകത്തുള്ള ജലവിതരണ പദ്ധതികളുടെ നടത്തിപ്പ്.
- ഒരു ഗ്രാമപഞ്ചായത്തിനകത്തുള്ള ജലവിതരണ പദ്ധതികൾ സംവിധാനപ്പെടുത്തുക.

9. വിദ്യുച്ഛക്തിയും ഊർജ്ജവും:
- നിരത്തുകളിൽ വിളക്കുകൾ പ്രകാശിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുക.
- ജൈവവാതകത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

10. വിദ്യാഭ്യാസം:
- സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളുടെയും പ്രൈമറി സ്കൂളുകളുടെയും നടത്തിപ്പ്.
- സാക്ഷരതാ പരിപാടികൾ നടപ്പിലാക്കുക.
- വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോൽസാഹനവും.

11. പൊതുമരാമത്ത്:
- ഒരു ഗ്രാമ പഞ്ചായത്തിനുള്ളിലെ ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക.
- സർക്കാരിൽ നിന്നും കൈമാറ്റം ചെയ്ത് കിട്ടിയതുൾപ്പെടെ ഉള്ള സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള കെട്ടിടനിർമ്മാണം നടത്തുക.

12. പൊതുജനാരോഗ്യവും ശുചീകരണവും:
- ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും (എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്നവ) നടത്തുക.

- മാതൃ-ശിശുക്ഷേമ കേന്ദ്രങ്ങൾ നടത്തുക.
- രോഗവിമുക്തിയും മറ്റ് പ്രതിരോധ നടപടികളും നടത്തുക.
- കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുക.
- ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുക.

13. സാമൂഹ്യക്ഷേമം:
- അംഗൻവാടികൾ നടത്തുക.
- അഗതികൾക്കും, വിധവകൾക്കും, വികലാംഗർക്കും കർഷകത്തൊഴിലാളികൾക്കുമുള്ള പെൻഷൻ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.
- തൊഴിലില്ലായ്മ വേതനം അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.
- വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുക.
- ദരിദ്ര വിഭാഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക.

14. ദാരിദ്ര്യ നിർമ്മാർജ്ജനം:
- ദരിദ്രരെ കണ്ടെത്തുക.
- പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയം തൊഴിലും സംഘം ചേർന്ന് തൊഴിൽ ചെയ്യുന്നതിനുള്ള പദ്ധതികളും നടപ്പാക്കുക.
- പാവപ്പെട്ടവർക്ക് തുടർച്ചയായി മിച്ചം കിട്ടത്തക്കതരത്തിൽ സാമൂഹ്യ ആസ്തികൾ ഉണ്ടാക്കുക.

15. പട്ടികജാതി-പട്ടികവർഗ്ഗ വികസനം:
- എസ്.സി.പി.റ്റി. എസ്.പി. ഇവയുടെ കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക.
- പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കുവേണ്ടി നഴ്സറി സ്കൂളുകൾ നടത്തുക.
- പട്ടികജാതി-പട്ടികവർഗ്ഗ വാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക.
- പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികൾക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം നൽകുക.

16. കായികവിനോദവും സാംസ്കാരിക കാര്യങ്ങളും:
- കളിസ്ഥലങ്ങൾ നിർമ്മിക്കുക.
- സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.

17. പൊതുവിതരണ സമ്പ്രദായം:
- പൊതുവിതരണ സമ്പ്രദായം നടപ്പാക്കുന്നതിലുണ്ടാകുന്ന പരാതികൾ പരിശോധിക്കുകയും നിവാരണമാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുകയും ചെയ്യുക.
- അളവ്-തൂക്കങ്ങൾ സംബന്ധിച്ച കുറ്റങ്ങൾക്കെതിരായി പ്രചാരണം സംഘടിപ്പിക്കുക.
- റേഷൻ കടകളുടെയും, മാവേലി സ്റ്റോറുകളുടെയും, നീതിസ്റ്റോറുകളുടെയും, മറ്റ് പൊതുവിതരണ സമ്പ്രദായങ്ങളുടെയും പൊതുവായ മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും, ആവശ്യമെങ്കിൽ പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

18. പ്രകൃതിക്ഷോഭ ദുരിതാശ്വാസം:
- ദുരിതാശ്വാസ കേന്ദ്രങ്ങൾ പരിപാലിക്കുക.
- പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട പണികൾ നടത്തുക. ആസ്തികൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്ന ജോലി പഞ്ചായത്തുകൾ നിർവ്വഹിക്കുക.

19. സഹകരണം:
- ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക.
- നിലവിലുള്ള സഹകരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

അധിക ചുമതലകൾ

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികളുള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷം 100 ദിവസമെങ്കിലും (പരമാവധി 150) തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ 2005 സെപ്തംബർ മാസം 5-ാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിലവിൽ വന്നു.
2. ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന നിരോധനം: ലഹരി പദാർത്ഥങ്ങളുടെ അമിത ഉപയോഗം പല മാരക അസുഖങ്ങൾക്കും കാരണമാകുന്ന സാഹചര്യത്തിൽ

പാൻമസാല ഇടങ്ങിയ ലഹരി വസ്തുക്കളുടെ വിൽപ്പന പഞ്ചായത്തിനുള്ളിൽ നിരോധിക്കുന്നു.

ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ സ്ഥാപനങ്ങൾ (ഘടക സ്ഥാപനങ്ങൾ)

കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ അടിസ്ഥാനത്തിൽ വിവിധ വിഷയ മേഖലകളിലായി ത്രിതല പഞ്ചായത്തുകൾ വൈവിധ്യമാർന്ന ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിച്ചുവരികയാണ്. കൃഷി, വ്യവസായം, മൃഗസംരക്ഷണം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ വികസനം എന്നിങ്ങനെ സാമൂഹ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇടപെടുന്ന ഗ്രാമപഞ്ചായത്തുകളെ അതിന്റെ ചുമതലാ നിർവ്വഹണത്തിന് പ്രാപ്തമാക്കുന്നതിന് വേണ്ടി എതാനും സ്ഥാപനങ്ങൾ 1995ലും തുടർന്നുള്ള വർഷങ്ങളിലും സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

കൃഷി വകുപ്പ്: അതാത് സ്ഥലത്തെ കൃഷി ഭവൻ.

1. മൃഗസംരക്ഷണ വകുപ്പ്: അതാത് സ്ഥലത്തെ വെറ്ററിനറി സബ്സെന്റർ, വെറ്ററിനറി ഡിസ്പെൻസറി, വെറ്ററിനറി ആശുപത്രി.
2. ക്ഷീരവികസന വകുപ്പ്: ഒരു ഡയറി എക്സ്റ്റൻഷൻ ഓഫീസർ തസ്തികയും അനുബന്ധ തസ്തികകളും (ഈ യൂണിറ്റ് പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിന് കൈമാറ്റം ചെയ്യേണ്ടതും അത് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ എല്ലാ ഗ്രാമപഞ്ചായത്തിലും പ്രവർത്തിക്കേണ്ടതുമാണ്).
3. മത്സ്യബന്ധന വകുപ്പ്: മത്സ്യഭവനം, അതിലെ ഫിഷറീസ് സബ് ഇൻസ്പെക്ടർ തസ്തികയും (ആവശ്യമായ ഗ്രാമപഞ്ചായത്തിൽ മാത്രം).
4. ഗ്രാമവികസന വകുപ്പ്: രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളും ഓഫീസും.
5. സാമൂഹ്യനീതി വകുപ്പ്: അതാത് സ്ഥലത്തെ ഡേ-കെയർ സെന്ററുകളും അംഗൻവാടികളും.
6. പട്ടികജാതി വികസന വകുപ്പ്: അതാത് സ്ഥലത്തെ ബാലവാടികൾ, ബാലവാടി കം ഫീഡിng സെന്റർ, സീസണൽ ഡേ-കെയർ സെന്റർ, ഡോർമെറ്ററി.
7. പട്ടികജാതി വികസന വകുപ്പ്: അതാത് സ്ഥലത്തെ ബാലവാടികൾ, മെഡിക്കൽ യൂണിറ്റ്, നേഴ്സറി സ്കൂളുകൾ, മിഡൈഫറി സെന്ററുകൾ, ആയുർവേദ ഡിസ്പെൻസറികൾ.
8. ആരോഗ്യ വകുപ്പ്: അതാത് സ്ഥലത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഗവൺമെന്റ് ഡിസ്പെൻസറികൾ.
9. ആയുർവേദ വകുപ്പ്: അതാത് സ്ഥലത്തെ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി/ആശുപത്രി.
10. ഹോമിയോ വകുപ്പ്: അതാത് സ്ഥലത്തെ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി/ആശുപത്രി.
11. വിദ്യാഭ്യാസ വകുപ്പ്: അതാത് സ്ഥലത്തെ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകൾ, അപ്പർ പ്രൈമറി സ്കൂളുകൾ. (01-01-2008 മുതൽ വന്ന തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗമാണ് ഗ്രാമപഞ്ചായത്ത് പണികളുടെ ചുമതല നിർവ്വഹിക്കുന്നത്)

ഗ്രാമസഭ

ജനാധിപത്യത്തിന്റെയും അധികാര വികേന്ദ്രീകരണത്തിന്റെയും അടിസ്ഥാന ശിലയാണ് ഗ്രാമസഭ. ജനങ്ങൾക്ക് ഭരണത്തിൽ നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന ഏക ഭരണഘടന സംവിധാനമാണിത്. മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കുന്നതിനുള്ള ഒരു ഉപാധിയാണ് ഗ്രാമസഭ.

ഒരു ഗ്രാമപഞ്ചായത്തിന്റെ നിയോജക മണ്ഡലം അടിസ്ഥാനമാക്കിയാണ് ഗ്രാമസഭ രൂപീകരിച്ചിട്ടുള്ളത്. 941 ഗ്രാമപഞ്ചായത്തുകളിലായി 15962 ഗ്രാമസഭകളാണ് കേരളത്തിലുള്ളത്. ഒരു നിയോജകമണ്ഡലത്തിലെ മുഴുവൻ സമ്മതിദായകരും ആ ഗ്രാമസഭയിലെ അംഗങ്ങളാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അംഗമാണ് ഗ്രാമസഭ കൺവീനർ. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷനായിരിക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ അഭാവത്തിൽ വൈസ് പ്രസിഡണ്ട് അദ്ധ്യക്ഷത വഹിക്കും. ഇവർ രണ്ടുപേരുടെയും അഭാവത്തിൽ ഗ്രാമസഭ കൺവീനറാണ് അദ്ധ്യക്ഷനാകേണ്ടത്.

ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് അംഗങ്ങളെയും നിയമസഭാ അംഗത്തെയും നിർബന്ധമായും ഗ്രാമസഭ കൺവീനർ ക്ഷണിക്കേണ്ടതാണ്. ആകെ വോട്ടർമാരുടെ 10 ശതമാനമാണ് ക്വാറം. 10 ശതമാനത്തിലധികം സമ്മതിദായകർ രേഖാമൂലം ആവശ്യപ്പെട്ടാൽ രണ്ട് സാധാരണ യോഗങ്ങൾക്കിടയിൽ ഒരു പ്രത്യേക യോഗവും ചേരേണ്ടതുണ്ട്.

ഗ്രാമസഭകളുടെ ശുപാർശകൾക്കും നിർദ്ദേശങ്ങൾക്കും ത്രിതല പഞ്ചായത്തുകൾ അർഹമായ പരിഗണന നൽകേണ്ടതാണ്. ഗ്രാമസഭകൾക്ക് പ്രത്യേക ചുമതലകളും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിവിധ ക്ഷേമ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള ചുമതല ഗ്രാമസഭകൾക്കാണ്. ഗ്രാമസഭ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിലോ മുൻഗണനാ ക്രമത്തിലോ മാറ്റം വരുത്താൻ പാടില്ല. ഗ്രാമസഭയിലൂടെയാണ് ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ ഉരുത്തിരിയുന്നത്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും മൂല്യനിർണ്ണയത്തിലും ഗ്രാമസഭകൾക്ക് നിർണ്ണായകമായ സ്ഥാനം നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ ഗ്രാമസഭകൾക്ക് പഞ്ചായത്തുകളെ ഗുണകരമായും മാതൃകാപരമായും നയിക്കാൻ കഴിയും.

അധികാരം ജനങ്ങളിലേക്ക്, ജനങ്ങളുടെ അധികാര കേന്ദ്രം 'ഗ്രാമസഭ'

ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും (വകുപ്പ് 3 എ)

1. പഞ്ചായത്തിന്റെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിവരാംശങ്ങൾ ശേഖരിക്കുകയും സമാഹരിക്കുകയും ചെയ്യാൻ സഹായിക്കുക.
2. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളെയും വികസന പരിപാടികളെയും സംബന്ധിച്ച നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും അവയുടെ മുൻഗണന നിർദ്ദേശിക്കുക.
3. ഗുണഭോക്തൃ പദ്ധതികൾക്ക് നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശവും അനുസരിച്ച് മുൻഗണനാ ക്രമത്തിൽ അർഹമായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക.
4. വികസന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് പ്രാദേശിക സൗകര്യങ്ങളും സഹായങ്ങളും നൽകുക.
5. വികസന പദ്ധതികൾക്കാവശ്യമായ വിഭവം പണമായോ സാധനമായോ സേവനമായോ അധ്വാനമായോ സമാഹരിച്ച് നൽകുക.
6. തെരുവ് വിളക്കുകൾ, പൊതു കുടിവെള്ള ടാപ്പുകൾ, പൊതു കിണറുകൾ, പൊതു പ്രാഥമിക ശുചിത്വ സംവിധാനങ്ങൾ, ജലസേചന സൗകര്യങ്ങൾ, പൊതുവിതരണ കേന്ദ്രം, മറ്റ് പൊതുആവശ്യ പദ്ധതികൾ തുടങ്ങിയവയുടെ സ്ഥാനം നിർദ്ദേശിക്കുക.
7. ശുചിത്വം, പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം തുടങ്ങിയ പൊതു താൽപര്യ സംഗതികളെ സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
8. അഴിമതി, വ്യാജവും കൃത്രിമവുമായ ഇടപാടുകൾ തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ പ്രതിരോധം സംഘടിപ്പിക്കുക.
9. വിവിധ വിഭാഗം ജനങ്ങൾക്കിടയിൽ ഐക്യവും സൗഹാർദ്ദവും വളർത്താനും സന്മനോഭാവം സൃഷ്ടിക്കാനും കലാ-കായിക-സാംസ്കാരിക മേളകൾ സംഘടിപ്പിക്കുക.

# സേവനാവകാശ നിയമം

1. ജനനം/മരണം/നിർജീവ ജനനം നടന്ന് 21 ദിവസത്തിനകം റിപ്പോർട്ട് ലഭിക്കുന്ന സംഗതികളിലെ രജിസ്ട്രേഷൻ

| | | |
|---|---|---|
| 1. | രജിസ്ട്രേഷൻ സമയപരിധി | 1.ആശുപത്രികളിൽ വെച്ച് നടക്കുന്ന ജനന/മരണമെങ്കിൽ റിപ്പോർട്ട് ലഭിക്കുന്ന ദിവസം(ആശുപത്രി കിയോസ്ക് സൗകര്യം ഉള്ള സ്ഥലങ്ങളിൽ മാത്രം)<br>2.മറ്റ്സ്ഥലങ്ങളിൽ 7 പ്രവൃത്തി ദിവസത്തിനകം |
| 2. | ഉദ്യോഗസ്ഥൻ | തദ്ദേശ രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| 3. | റിപ്പോർട്ടിംഗ് (കെ സ്മാർട്ട് മുഖേന) | ഫോറം 1 – ജനനം<br>ഫോറം 2 – മരണം<br>ഫോറം 3 – നിർജ്ജീവ ജനനം |
| 4. | നൽകേണ്ട രേഖകൾ | ജനനം/മരണം/നിർജ്ജീവ ജനനം റിപ്പോർട്ട് |
| 5. | അടക്കേണ്ട ഫീസ് | ഇല്ല |
| 6. | റിപ്പോർട്ട് നൽകാൻ ചുമതലപ്പെട്ടവർ | 1.വീട്ടിൽ വെച്ച് നടന്ന ജനന/മരണമാണെങ്കിൽ – ഗൃഹനാഥൻ<br>2.സ്ഥാപനങ്ങളിൽ – സ്ഥാപനമേധാവി<br>3.വാഹനങ്ങളിൽ – വാഹനത്തിന്റെ ചുമതലക്കാരൻ<br>4.പ്ലാന്റേഷനിൽ – സൂപ്രണ്ട്/ചുമതലക്കാരൻ<br>5. മുകളിൽ പറഞ്ഞതിൽ ഉൾപ്പെടാത്തതും ഇൻക്വസ്റ്റ് നടത്തിയതുമായ കേസുകൾ-ഇൻക്വസ്റ്റ് നടത്തിയ ഉദ്യോഗസ്ഥൻ<br>6. പൊതുസ്ഥലത്ത് ഉപേക്ഷിക്കപ്പെട്ട ശിശു/കാണപ്പെട്ട മൃതദേഹം – ബന്ധപ്പെട്ട പോലീസ് ഓഫീസർ |
| 7. | അപ്പീൽ(സേവനാവകാശ നിയമപ്രകാരം) | |
| | ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | ജില്ലാ രജിസ്ട്രാർ<br>ചീഫ് രജിസ്ട്രാർ |
| | പതിനഞ്ച് ദിവസത്തിനകം ജില്ലാ രജിസ്ട്രാർ അനുമതി നൽകിയില്ലെങ്കിൽ | |
| | ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | ചീഫ് രജിസ്ട്രാർ<br>തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി |

2. ജനനം/മരണം/നിർജീവ ജനനം നടന്ന് 21 ദിവസത്തിന് ശേഷം 30 ദിവസം വരെ റിപ്പോർട്ട് ലഭിക്കുന്ന സംഗതികളിലെ രജിസ്ട്രേഷൻ

| | | |
|---|---|---|
| 1. | രജിസ്ട്രേഷൻ പരിധി | 1.ആശുപത്രിയിൽ വെച്ച് നടക്കുന്ന ജനന/മരണ/നിർജ്ജീവ ജനനമെങ്കിൽ റിപ്പോർട്ട് ലഭിക്കുന്ന ദിവസം (ആശുപത്രി കിയോസ്ക് സൗകര്യം ഉള്ള സ്ഥലങ്ങളിൽ മാത്രം)<br>2.മറ്റ് സ്ഥലങ്ങളിൽ 7 ദിവസത്തിനകം |
| 2. | ഉദ്യോഗസ്ഥൻ | തദ്ദേശ രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| 3. | റിപ്പോർട്ടിംഗ് ഫോറങ്ങൾ (കെ സ്മാർട്ട് മുഖേന) | ഫോറം 1 – ജനനം<br>ഫോറം 2 – മരണം<br>ഫോറം 3 – നിർജ്ജീവ ജനനം |
| 4. | നൽകേണ്ട രേഖകൾ | 1.ജനനം /മരണം/നിർജ്ജീവ ജനനം റിപ്പോർട്ട്<br>2.റിപ്പോർട്ട് ചെയ്യുവാൻ വൈകിയതിന്റെ കാരണം കാണിച്ചു കൊണ്ടുള്ള അപേക്ഷ |
| 5. | അടക്കേണ്ട ഫീസ് | ലേറ്റ് ഫീ / 2/- രൂപ |
| 6. | റിപ്പോർട്ട് നൽകാൻ ചുമതലപ്പെട്ടവർ | 1.വീട്ടിൽ വെച്ച് നടന്ന ജനന/മരണമാണെങ്കിൽ – ഗൃഹനാഥൻ |

| | | |
|---|---|---|
| | | 2.സ്ഥാപനങ്ങളിൽ – സ്ഥാപനമേധാവി<br>3.വാഹനങ്ങളിൽ – വാഹനത്തിന്റെ ചുമതലക്കാരൻ<br>4.പ്ലാന്റേഷനിൽ – സൂപ്രണ്ട്/ചുമതലക്കാരൻ<br>5. മുകളിൽ പറഞ്ഞതിൽ ഉൾപ്പെടാത്തതും ഇൻക്വസ്റ്റ് നടത്തിയതുമായ കേസ്സുകൾ-ഇൻക്വസ്റ്റ് നടത്തിയ ഉദ്യോഗസ്ഥൻ<br>6. പൊതുസ്ഥലത്ത് ഉപേക്ഷിക്കപ്പെട്ട ശിശു/കാണപ്പെട്ട മൃതദേഹം – ബന്ധപ്പെട്ട പോലീസ് ഓഫീസർ |
| 7. | അപ്പീൽ(സേവനാവകാശ നിയമപ്രകാരം) | |
| | ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | ജില്ലാ രജിസ്ട്രാർ<br>ചീഫ് രജിസ്ട്രാർ |
| 8. | പതിനഞ്ച് ദിവസത്തിനകം ജില്ലാ രജിസ്ട്രാർ അനുമതി നൽകിയില്ലെങ്കിൽ | |
| | ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | ചീഫ് രജിസ്ട്രാർ<br>തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി |

3. ജനനം/മരണം നടന്ന് 30 ദിവസത്തിന് ശേഷം ഒരു വർഷത്തിനകം വിവരം നൽകുന്ന സംഗതികളിലെ രജിസ്ട്രേഷൻ

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ജില്ലാ രജിസ്ട്രാർക്ക് (കെ സ്മാർട്ട് മുഖേന |
| 2. | രജിസ്ട്രേഷൻ സമയ പരിധി | ജില്ലാ രജിസ്ട്രാറിൽ നിന്നും അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസത്തിനകം (സർക്കുലർ നം. 3651/RD3/13/തസ്വഭവ തീയതി 5/8/2013) ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം |
| 3. | ഉദ്യോഗസ്ഥൻ | അനുമതി നൽകേണ്ടത്- ജില്ലാ രജിസ്ട്രാർ<br>രജിസ്ട്രേഷൻ നടത്തേണ്ടത് – തദ്ദേശ രജിസ്ട്രാർ |
| 4. | നൽകേണ്ട രേഖകൾ | 1.ഫോറം 1 – ജനന റിപ്പോർട്ട് (2 കോപ്പി)/ ഫോറം 2 – മരണ റിപ്പോർട്ട് (2 കോപ്പി)<br>2.റിപ്പോർട്ട് ചെയ്യുവാൻ വൈകിയതിനുള്ള കാരണം കാണിച്ച് കൊണ്ട് അനുവാദത്തിനുള്ള അപേക്ഷ<br>3.നോട്ടറിയോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ സർവ്വീസിലെ ഗസറ്റഡ് ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തിയ ഒരു സത്യവാങ്മൂലം<br>4. തദ്ദേശ രജിസ്ട്രാറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് |
| 5. | അടക്കേണ്ട ഫീസ് | 5 രൂപ ലേറ്റ് ഫീസ് – അനുമതി ലഭിച്ചതിനു ശേഷം |
| 6. | റിപ്പോർട്ട് നൽകാൻ ചുമതലപ്പെട്ടവർ | 1.വീട്ടിൽ വെച്ച് നടന്ന ജനന/മരണമാണെങ്കിൽ – ഗൃഹനാഥൻ<br>2.സ്ഥാപനങ്ങളിൽ – സ്ഥാപനമേധാവി<br>3.വാഹനങ്ങളിൽ – വാഹനത്തിന്റെ ചുമതലക്കാരൻ<br>4.പ്ലാന്റേഷനിൽ – സൂപ്രണ്ട്/ചുമതലക്കാരൻ<br>5. മുകളിൽ പറഞ്ഞതിൽ ഉൾപ്പെടാത്തതും ഇൻക്വസ്റ്റ് നടത്തിയതുമായ കേസ്സുകൾ-ഇൻക്വസ്റ്റ് നടത്തിയ ഉദ്യോഗസ്ഥൻ<br>6. പൊതുസ്ഥലത്ത് ഉപേക്ഷിക്കപ്പെട്ട ശിശു/കാണപ്പെട്ട മൃതദേഹം – ബന്ധപ്പെട്ട പോലീസ് ഓഫീസർ |
| 7. | അപ്പീൽ(സേവനാവകാശ നിയമപ്രകാരം) | |
| | ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | ജില്ലാ രജിസ്ട്രാർ<br>ചീഫ് രജിസ്ട്രാർ |
| 8. | പതിനഞ്ച് ദിവസത്തിനകം ജില്ലാ രജിസ്ട്രാർ അനുമതി നൽകിയില്ലെങ്കിൽ | |
| | ഒന്നാം അപ്പീൽ അധികാരി | ചീഫ് രജിസ്ട്രാർ |

| | | |
|---|---|---|
| | രണ്ടാം അപ്പീൽ അധികാരി | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി |

4. ജനനം/മരണം നടന്ന് ഒരു വർഷത്തിനു ശേഷമുള്ള സംഗതികളിലെ രജിസ്ട്രേഷൻ

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | തദ്ദേശ രജിസ്ട്രാർക്ക് |
| 2. | രജിസ്ട്രേഷൻ സമയ പരിധി | 7 ദിവസത്തിനകം |
| 3. | ഉദ്യോഗസ്ഥൻ | തദ്ദേശ രജിസ്ട്രാർ |
| 4. | നൽകേണ്ട രേഖകൾ | 1.ഫോറം 1 – ജനന റിപ്പോർട്ട് / ഫോറം 2 – മരണ റിപ്പോർട്ട്<br>2. സബ് ഡിവിഷണൽ മജിസ്ട്രേറ്റിൽ നിന്നുള്ള അനുമതി |
| 5. | അടക്കേണ്ട ഫീസ് | ലേറ്റ് ഫീ – 10/- രൂപ |
| 6. | റിപ്പോർട്ട് നൽകാൻ ചുമതലപ്പെട്ടവർ | 1.വീട്ടിൽ വെച്ച് നടന്ന ജനന/മരണമാണെങ്കിൽ – ഗൃഹനാഥൻ<br>2.സ്ഥാപനങ്ങളിൽ – സ്ഥാപനമേധാവി<br>3.വാഹനങ്ങളിൽ – വാഹനത്തിന്റെ ചുമതലക്കാരൻ<br>4.പ്ലാന്റേഷനിൽ – സൂപ്രണ്ട്/ചുമതലക്കാരൻ<br>5. മുകളിൽ പറഞ്ഞതിൽ ഉൾപ്പെടാത്തതും ഇൻക്വസ്റ്റ് നടത്തിയതുമായ കേസ്സുകൾ–ഇൻക്വസ്റ്റ് നടത്തിയ ഉദ്യോഗസ്ഥൻ<br>6. പൊതുസ്ഥലത്ത് ഉപേക്ഷിക്കപ്പെട്ട ശിശു/കാണപ്പെട്ട മൃതദേഹം – ബന്ധപ്പെട്ട പോലീസ് ഓഫീസർ |
| 7. | അപ്പീൽ (സേവനാവകാശ നിയമപ്രകാരം | |
| | ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | ജില്ലാ രജിസ്ട്രാർ<br>ചീഫ് രജിസ്ട്രാർ |

5. വിദേശത്ത് നടന്ന ജനനം രജിസ്റ്റർ ചെയ്യൽ

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | മാതാപിതാക്കൾ സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിലെ രജിസ്ട്രാർക്ക് |
| 2. | രജിസ്ട്രേഷൻ സമയപരിധി | 1.കുട്ടി ഇന്ത്യയിലെത്തി 60 ദിവസത്തിനകം റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ റിപ്പോർട്ട് ലഭിച്ച് 30 പ്രവൃത്തി ദിവസത്തിനകം<br>2. വൈകിയുള്ള സന്ദർഭങ്ങളിൽ ക്രമ നമ്പർ 2.1.3/2.1.4 പ്രകാരം അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസത്തിനകം |
| 3. | ഉദ്യോഗസ്ഥൻ | മാതാപിതാക്കൾ താമസിക്കാൻ ഉദ്ദേശിക്കുന്ന രജിസ്ട്രേഷൻ യൂണിറ്റിലെ രജിസ്ട്രാർ |
| 4. | നൽകേണ്ട രേഖകൾ | 60 ദിവസത്തിനകം റിപ്പോർട്ട് നൽകുന്ന സംഗതികളിൽ<br>1.ഫോറം 1 – ജനന റിപ്പോർട്ട് (2 കോപ്പി)<br>2. മാതാപിതാക്കളുടെ പാസ്പോർട്ടിന്റെ കോപ്പി<br>3. കുട്ടിയുടെ ജനനതീയതി കാണിക്കുന്ന ഏതെങ്കിലും രേഖ (അമ്മയുടെയോ കുട്ടിയുടെയോ പാസ്പോർട്ട്/ ആശുപത്രിയിലെ രേഖ/മറ്റേതെങ്കിലും രേഖ)<br>60 ദിവസത്തിന് ശേഷം (സെക്ഷൻ 13 ബാധകം)<br>1.മുകളിലെ ക്രമ നം.1,2,3,4 പ്രകാരമുള്ള രേഖകൾ<br>2. വൈകിയതിന്റെ കാരണം കാണിക്കുന്ന അഫിഡവിറ്റ്– നോട്ടറി/ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്തത്. (ജില്ലാ രജിസ്ട്രാർക്ക് |

| | | |
|---|---|---|
| | | അപേക്ഷിക്കുന്ന സംഗതികളിൽ)<br>3. 60 ദിവസത്തിനകം രജിസ്ട്രേഷൻ നടത്തിയിട്ടില്ലെന്ന രജിസ്ട്രാറുടെ റിപ്പോർട്ട് |
| 5. | അടക്കേണ്ട ഫീസ് | 1.കുട്ടി ഇന്ത്യയിൽ എത്തി 60 ദിവസം വരെ ആവശ്യമില്ല<br>2.60 ദിവസം കഴിഞ്ഞാൽ കുട്ടിയുടെ ജനനതിയതി മുതൽ ഒരു വർഷം വരെ ജില്ലാ രജിസ്ട്രാറുടെ അനുമതിയോടെ - 5 രൂപ ലേറ്റ് ഫീ<br>3. ഒരു വർഷത്തിനു ശേഷം സബ് ഡിവിഷണൽ മജിസ്ട്രേറ്റ് (RDO)ന്റെ അനുമതിയോടെ - 10 രൂപ ലേറ്റ് ഫീ |
| 6. | അപ്പീൽ (സേവനാവകാശ നിയമപ്രകാരം | |
| | ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | ജില്ലാ രജിസ്ട്രാർ<br>ചീഫ് രജിസ്ട്രാർ |

6. ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനന രജിസ്ട്രേഷൻ (അംഗീകൃത സ്ഥാപനങ്ങളിൽ ലഭിക്കുന്ന കുഞ്ഞുങ്ങൾ

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | തദ്ദേശ രജിസ്ട്രാർക്ക് |
| 2. | രജിസ്ട്രേഷൻ സമയ പരിധി | 7 പ്രവൃത്തി ദിവസം |
| 3. | റിപ്പോർട്ട് നൽകേണ്ടത് | സ്ഥാപന മേധാവി |
| 4. | നൽകേണ്ട രേഖകൾ | 1.ഫോറം 1 - ജനന റിപ്പോർട്ട്<br>2. കുട്ടിയുടെ ജനനതിയതി സംബന്ധിച്ച നോട്ടറി/ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സഹിതമുള്ള സ്ഥാപന മേധാവിയുടെ അപേക്ഷ |
| 5. | അടക്കേണ്ട ഫീസ് | ഇല്ല |
| 6. | അപ്പീൽ (സേവനാവകാശ നിയമപ്രകാരം | |
| | ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | ജില്ലാ രജിസ്ട്രാർ<br>ചീഫ് രജിസ്ട്രാർ |

7. സ്ഥാപനങ്ങളിൽ നിന്ന് ദത്തെടുത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ (രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്ത കേസുകൾ)

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ദത്തെടുത്ത മാതാപിതാക്കളുടെ താമസസ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ/ദത്തെടുത്ത ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ |
| 2. | രജിസ്ട്രേഷൻ സമയപരിധി | ദത്തെടുക്കൽ സംബന്ധിച്ച കോടതി ഉത്തരവ് ഹാജരാക്കിയ ശേഷം - 10 പ്രവൃത്തി ദിവസം |
| 3. | ഉദ്യോഗസ്ഥൻ | ദത്തെടുത്ത മാതാപിതാക്കളുടെ താമസ സ്ഥലത്തെ രജിസ്ട്രാർ/ദത്തെടുത്ത ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിലെ രജിസ്ട്രാർ |
| 4. | നൽകേണ്ട രേഖകൾ | 1.ജനന റിപ്പോർട്ട് (ഫോറം 1)<br>2. ദത്തെടുക്കൽ സംബന്ധിച്ച കോടതി/ജില്ല മജിസ്ട്രേറ്റിന്റെ ഉത്തരവിന്റെ പകർപ്പ്<br>3. മാതാപിതാക്കളുടെ താമസ സ്ഥലം തെളിയിക്കുന്ന രേഖകൾ (റേഷൻ കാർഡ്/ഇലക്ഷൻ തിരിച്ചറിയൽ കാർഡ് മുതലായവ) |
| 5. | അടക്കേണ്ട ഫീസ് | 1.21 ദിവസത്തിനകം - ആവശ്യമില്ല<br>2. 21 ദിവസം മുതൽ 30 വരെ - 2 രൂപ<br>3. 30 ദിവസത്തിന് ശേഷം ഒരു വർഷം വരെ - 5 രൂപ ലേറ്റ് ഫീ<br>4. ഒരു വർഷത്തിനു ശേഷം - 10 രൂപ ലേറ്റ് ഫീ |
| 6. | അപ്പീൽ (സേവനാവകാശ നിയമപ്രകാരം | |

| | | |
|---|---|---|
| | ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | ജില്ലാ രജിസ്ട്രാർ<br>ചീഫ് രജിസ്ട്രാർ |

8. സ്ഥാപനങ്ങളിൽ നിന്ന് ദത്തെടുത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ (രജിസ്ട്രേഷൻ ചെയ്തിട്ടുള്ള കേസുകൾ)

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ദത്തെടുത്ത മാതാപിതാക്കളുടെ താമസസ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ/ദത്തെടുത്ത ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ |
| 2. | രജിസ്ട്രേഷൻ സമയപരിധി | അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം |
| 3. | ഉദ്യോഗസ്ഥൻ | ദത്തെടുത്ത മാതാപിതാക്കളുടെ താമസ സ്ഥലത്തെ രജിസ്ട്രാർ/ദത്തെടുത്ത ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിലെ രജിസ്ട്രാർ |
| 4. | നൽകേണ്ട രേഖകൾ | 1.ജനന റിപ്പോർട്ട് (ഫോറം 1)<br>2. ദത്തെടുക്കൽ സംബന്ധിച്ച കോടതി/ജില്ല മജിസ്ട്രേറ്റിന്റെ ഉത്തരവിന്റെ പകർപ്പ്<br>3. മാതാപിതാക്കളുടെ താമസ സ്ഥലം തെളിയിക്കുന്ന രേഖകൾ<br>4. കുട്ടിയുടെ ജനനം നേരത്തെ രജിസ്റ്റർ ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റോ അതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ |
| 5. | അടക്കേണ്ട ഫീസ് | 1.21 ദിവസത്തിനകം – ആവശ്യമില്ല<br>2. 21 ദിവസം മുതൽ 30 വരെ – 2 രൂപ ലേറ്റ് ഫീസ്<br>3. 30 ദിവസത്തിന് ശേഷം ഒരു വർഷം വരെ – 5 രൂപ ലേറ്റ് ഫീ<br>4. ഒരു വർഷത്തിനു ശേഷം – 10 രൂപ ലേറ്റ് ഫീ |
| 6. | അപ്പീൽ (സേവനാവകാശ നിയമപ്രകാരം | |
| | ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | ജില്ലാ രജിസ്ട്രാർ<br>ചീഫ് രജിസ്ട്രാർ |

9. സ്ഥാപനങ്ങളിൽ നിന്ന് അല്ലാതെ ദത്തെടുത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ (രജിസ്ട്രേഷൻ ചെയ്തിട്ടുള്ള കേസുകളിൽ)

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ദത്തെടുത്ത മാതാപിതാക്കളുടെ താമസ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ / ദത്തെടുക്കൽ നടത്തിയ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ |
| 2. | രജിസ്ട്രേഷൻ സമയപരിധി | അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം |
| 3. | ഉദ്യോഗസ്ഥൻ | ദത്തെടുത്ത മാതാപിതാക്കളുടെ താമസ സ്ഥലത്തെ രജിസ്ട്രാർ/ദത്തെടുക്കൽ നടത്തിയ സ്ഥലത്തെ രജിസ്ട്രാർ |
| 4. | നൽകേണ്ട രേഖകൾ | 1.അപേക്ഷ<br>2.ജനന റിപ്പോർട്ട് – ഫോറം 1<br>3.ദത്തെടുക്കൽ ആധാരം (Adoption deed)<br>4. കുട്ടികളുടെ ജനന സർട്ടിഫിക്കറ്റ് / ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ്<br>5. മാതാപിതാക്കളുടെ താമസസ്ഥലം തെളിയിക്കുന്ന രേഖ |
| 5. | അടയ്ക്കേണ്ട ഫീസ് | 1.21 ദിവസത്തിനകം ആവശ്യമില്ല<br>2. 21 ദിവസം മുതൽ 30 വരെ – 2 രൂപ ലേറ്റ് ഫീസ്<br>3. 30 ദിവസത്തിനു ശേഷം ഒരു വർഷം വരെ – 5രൂപ ലേറ്റ് ഫീസ് |

| | | |
|---|---|---|
| | | 4. ഒരു വർഷത്തിനു ശേഷം – 10 രൂപ ലേറ്റ് ഫീസ് |
| 6. | അപ്പീൽ (സേവനാവകാശ നിയമപ്രകാരം | |
| | ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | ജില്ലാ രജിസ്ട്രാർ<br>ചീഫ് രജിസ്ട്രാർ |

10. സ്ഥാപനങ്ങളിൽ നിന്നല്ലാതെ ദത്തെടുത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ (രജിസ്ട്രേഷൻ ചെയ്യിട്ടില്ലാത്ത കേസുകളിൽ)

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ദത്തെടുത്ത മാതാപിതാക്കളുടെ താമസ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ / ദത്തെടുക്കൽ നടത്തിയ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ |
| 2. | രജിസ്ട്രേഷൻ സമയപരിധി | അപേക്ഷ ലഭിച്ച് 5 ദിവസത്തിനകം |
| 3. | ഉദ്യോഗസ്ഥൻ | ദത്തെടുത്ത മാതാപിതാക്കളുടെ താമസ സ്ഥലത്തെ രജിസ്ട്രാർ/ദത്തെടുക്കൽ നടത്തിയ സ്ഥലത്തെ രജിസ്ട്രാർ |
| 4. | നൽകേണ്ട രേഖകൾ | 1.ജനന റിപ്പോർട്ട് – ഫോറം 1<br>2.ദത്തെടുക്കൽ ആധാരം (Adoption deed)<br>3. ജില്ല/സബ് ഡിവിഷൻ/എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ ഉത്തരവ് (ഒരു വയസിൽ കൂടുതൽ പ്രായമുള്ള കുട്ടിയുടെ കാര്യത്തിൽ)<br>4. മാതാപിതാക്കളുടെ താമസസ്ഥലം തെളിയിക്കുന്ന രേഖകൾ (റേഷൻ കാർഡ്/ഇലക്ഷൻ തിരിച്ചറിയൽ കാർഡ് മുതലായവ) |
| 5. | അടക്കേണ്ട ഫീസ് | 1.21 ദിവസത്തിനകം ആവശ്യമില്ല<br>2. 21 ദിവസം മുതൽ 30 വരെ – 2 രൂപ ലേറ്റ് ഫീസ്<br>3. 30 ദിവസത്തിനു ശേഷം ഒരു വർഷം വരെ – 5രൂപ ലേറ്റ് ഫീസ്<br>4. ഒരു വർഷത്തിനു ശേഷം – 10 രൂപ ലേറ്റ് ഫീസ് |
| 6. | അപ്പീൽ (സേവനാവകാശ നിയമപ്രകാരം | |
| | ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | ജില്ലാ രജിസ്ട്രാർ<br>ചീഫ് രജിസ്ട്രാർ |

11. നിയമപരമായി ദത്തെടുക്കാത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ദത്തെടുത്ത മാതാപിതാക്കളുടെ താമസ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ |
| 2. | രജിസ്ട്രേഷൻ സമയപരിധി | രജിസ്ട്രേഷനുള്ള അപേക്ഷ ലഭിച്ച് 15 പ്രവൃത്തി ദിവസത്തിനകം |
| 3. | ഉദ്യോഗസ്ഥൻ | ദത്തെടുത്ത മാതാപിതാക്കളുടെ താമസസ്ഥലത്തെ രജിസ്ട്രാർ |
| 4. | നൽകേണ്ട രേഖകൾ | 1.ജനന റിപ്പോർട്ട്<br>2. വിശ്വസനീയരായ രണ്ട് വ്യക്തികളിൽ നിന്നുള്ള സത്യപ്രസ്താവന<br>3.മാതാപിതാക്കളുടെ താമസ സ്ഥലം തെളിയിക്കുന്ന രേഖകൾ<br>4. ദത്തെടുത്ത കുട്ടിയുടെ എസ്.എസ്.എൽ.സി ബുക്ക്, റേഷൻ കാർഡ്, വോട്ടേഴ്സ് ഐ.ഡി, ആധാർ കാർഡ് എന്നിവയുടെ പകർപ്പ് |
| 5. | അടക്കേണ്ട ഫീസ് | ലേറ്റ് ഫീ – 10 രൂപ |
| 6. | അപ്പീൽ (സേവനാവകാശ നിയമപ്രകാരം | |
| | ഒന്നാം അപ്പീൽ അധികാരി | ജില്ലാ രജിസ്ട്രാർ |

| | | |
|---|---|---|
| | രണ്ടാം അപ്പീൽ അധികാരി | ചീഫ് രജിസ്ട്രാർ |

12. ജനന മരണ രജിസ്ട്രേഷൻ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ജനനം/മരണം നടന്ന സ്ഥലത്തെ രജിസ്ട്രാർക്ക് |
| 2. | എൻ.എ.സി നൽകേണ്ട സമയപരിധി | 7 പ്രവൃത്തി ദിവസം (മറ്റ് യൂണിറ്റുകളിൽ നിന്നുള്ള റിപ്പോർട്ട് ആവശ്യമുള്ള സംഗതികളിൽ അവ ലഭിച്ച് 7 പ്രവൃത്തി ദിവസം) |
| 3. | ഉദ്യോഗസ്ഥൻ | തദ്ദേശ രജിസ്ട്രാർ |
| 4. | നൽകേണ്ട രേഖകൾ | 1.അപേക്ഷ<br>2.ജനനം/മരണം നടന്ന സ്ഥലം, സംഭവം നടന്ന സമയത്തെ താമസസ്ഥലം എന്നിവ തെളിയിക്കുന്ന രേഖകൾ |
| 5. | അടക്കേണ്ട ഫീസ് | തിരച്ചിൽ ഫീസ് - ഒരു വർഷത്തേക്ക് 2 രൂപ<br>സർട്ടിഫിക്കറ്റ് ഫീ - 2 രൂപ |
| 6. | അപ്പീൽ (സേവനാവകാശ നിയമപ്രകാരം | |
| | ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | ജില്ലാ രജിസ്ട്രാർ<br>ചീഫ് രജിസ്ട്രാർ |

13. ജനന-മരണ സർട്ടിഫിക്കറ്റ് നൽകൽ

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | രജിസ്ട്രേഷൻ നടത്തിയിട്ടുള്ള യൂണിറ്റിലെ രജിസ്ട്രാർക്ക് |
| 2. | രജിസ്ട്രേഷൻ സമയപരിധി | 1.12-ആം വകുപ്പ് പ്രകാരമുള്ള സർട്ടിഫിക്കറ്റ് (ജനനം/മരണം നടന്ന് 21 ദിവസത്തിനകം റിപ്പോർട്ട് നൽകിയ സംഗതികളിൽ) - രജിസ്ട്രേഷൻ നടത്തിയ ദിവസം<br>2. മറ്റുള്ളവ - അപേക്ഷ ലഭിച്ച് 7 പ്രവൃത്തി ദിവസം |
| 3. | ഉദ്യോഗസ്ഥൻ | തദ്ദേശ രജിസ്ട്രാർ |
| 4. | നൽകേണ്ട രേഖകൾ | 21 ദിവസത്തിനകം രജിസ്ട്രേഷൻ നടത്തിയ സംഗതികളിൽ 12-ആം വകുപ്പ് പ്രകാരമുള്ള സർട്ടിഫിക്കറ്റിന് പ്രത്യേക അപേക്ഷയുടെ ആവശ്യമില്ല. അപേക്ഷ |
| 5. | അടക്കേണ്ട ഫീസ് | 1.12-ആം വകുപ്പ് പ്രകാരം സർട്ടിഫിക്കറ്റിന് ഫീസ് ആവശ്യമില്ല<br>2.17-ആം വകുപ്പ് പ്രകാരം തിരച്ചിൽ ഫീസ് - ഒരു വർഷത്തേക്ക് 2 രൂപ, സർട്ടിഫിക്കറ്റ് ഫീ 5 രൂപ |
| 6. | അപ്പീൽ (സേവനാവകാശ നിയമപ്രകാരം | |
| | ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | ജില്ലാ രജിസ്ട്രാർ<br>ചീഫ് രജിസ്ട്രാർ |

## ജനന രജിസ്റ്ററിൽ കുട്ടിയുടെ പേര് ചേർക്കൽ/ തിരുത്തൽ

1.സ്കൂളിൽ ചേർക്കുന്നതിന് മുമ്പുള്ള ചേർക്കലും പേര് തിരുത്തലും

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | രജിസ്ട്രേഷൻ നടത്തിയിട്ടുള്ള യൂണിറ്റിലെ രജിസ്ട്രാർക്ക് |
| 2. | രജിസ്ട്രേഷൻ സമയപരിധി | 7 പ്രവൃത്തി ദിവസം |
| 3. | ഉദ്യോഗസ്ഥൻ | രജിസ്ട്രാർ |
| 4. | നൽകേണ്ട രേഖകൾ | 1.രജിസ്ട്രേഷൻ സമയത്ത് പേര് ചേർക്കാത്ത സംഗതികളിൽ പേര് ചേർക്കുന്നതിന് അപേക്ഷ |

| | | |
|---|---|---|
| | | 2. അപേക്ഷയിൽ ഒപ്പ് വച്ചിരിക്കുന്നവരുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകൾ (പകർപ്പ്)<br>3. തിരുത്തലുകൾക്ക് - സത്യവാങ്മൂലം |
| 5. | അടക്കേണ്ട ഫീസ് | 1.പേര് ചേർക്കുന്നതിന് രജിസ്ട്രേഷൻ തീയതിക്ക് ശേഷം ഒരു വർഷം വരെ ഫീസ് അടക്കേണ്ടതില്ല. ഒരു വർഷത്തിന ശേഷം 5 രൂപ ലേറ്റ് ഫീസ്<br>2. തിരുത്തലുകൾക്ക് കോമ്പൗണ്ടിംഗ് ഫീസ് 50 രൂപ |
| 6. | അപ്പീൽ (സേവനാവകാശ നിയമപ്രകാരം | |
| | ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | ജില്ലാ രജിസ്ട്രാർ<br>ചീഫ് രജിസ്ട്രാർ |

2. ജനന രജിസ്റ്ററിലെ ജനന തീയതിയും സ്കൂൾ രേഖയിലെ ജനന തീയതിയും തമ്മിൽ പത്തു മാസത്തിലേറെ വ്യത്യാസം ഉണ്ടെങ്കിൽ പേര് ചേർക്കുന്നതിന് ജില്ലാ രജിസ്ട്രാറിൽ നിന്നുള്ള അനുമതി

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ജില്ലാ രജിസ്ട്രാർക്ക് |
| 2. | സേവനം നൽകേണ്ട സമയപരിധി | അപേക്ഷ ലഭിച്ച് 15 പ്രവൃത്തി ദിവസം |
| 3. | ഉദ്യോഗസ്ഥൻ | ജില്ലാ രജിസ്ട്രാർ |
| 4. | നൽകേണ്ട രേഖകൾ | 1.മാതാവിൻറെയോ പിതാവിൻറെയോ കുട്ടി പ്രായപൂർത്തിയായിട്ടുണ്ടെങ്കിൽ കുട്ടിയുടെയോ രക്ഷിതാവിൻറെയോ അപേക്ഷ<br>2. പേര്, ജനനതീയതി, മാതാപിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന സ്കൂൾ രേഖയുടെ ശരിപകർപ്പ്<br>3. ജനനക്രമം കാണിക്കുന്ന പ്രഖ്യാപനം |
| 5. | അടക്കേണ്ട ഫീസ് | ഇല്ല |
| 6. | അപ്പീൽ (സേവനാവകാശ നിയമപ്രകാരം | |
| | ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | ചീഫ് രജിസ്ട്രാർ<br>തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി |

| 3. | സമർപ്പിക്കേണ്ട രേഖകൾ | 1.2025ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം ഒന്നിലെ അപേക്ഷ<br>2.സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധന അനുസരിച്ച് പ്രസ്തുത സംരംഭത്തിന് വേണ്ട രജിസ്ട്രേഷൻ /കൺസെന്റ് |
| 4. | അപേക്ഷ നൽകേണ്ട സമയം | സ്ഥാപന അനുമതി ലഭിച്ച സംരംഭകർ അവ സ്ഥാപിച്ച ശേഷം, എന്നാൽ പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപായി |
| 5. | ഒഴിവാക്കലുകൾ | 1.സർക്കാരോ സർക്കാർ നിയന്ത്രിത ഏജൻസിയോ പ്രഖ്യാപിച്ചിട്ടുള്ള വ്യവസായ എസ്റ്റേറ്റുകൾ, വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ, വ്യവസായ വികസന പ്ലോട്ടുകൾ, വ്യവസായ വികസന ഏരിയകൾ, കയറ്റുമതി സംസ്കരണ മേഖലകൾ, വ്യവസായ പാർക്കുകൾ , വ്യവസായ വകുപ്പ് അംഗീകരിച്ച മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന സംരംഭങ്ങൾ എന്നിവയ്ക്ക് പഞ്ചായത്തിന്റെ സ്ഥാപന അനുമതി ആവശ്യമില്ല<br>2.കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വൈറ്റ് അല്ലെങ്കിൽ ഗ്രീൻ വിഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള ഫാക്ടറി അല്ലെങ്കിൽ വ്യവസായം അല്ലെങ്കിൽ വർക്ക്ഷോപ്പ് അല്ലെങ്കിൽ ജോലിസ്ഥലം അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങൾ എന്നിവ ആരംഭിക്കുന്നതിന് പഞ്ചായത്തിന്റെ സ്ഥാപന അനുമതി ആവശ്യമില്ല |
| 6. | അടക്കേണ്ട ഫീസ് | ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകൾ കൂടുതൽ ആകാത്ത രീതിയിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് ഒന്നിൽ കൂടുതൽ വർഷത്തേക്ക് ലൈസൻസ് അനുവദിക്കേണ്ട കാര്യത്തിൽ മേൽ സൂചിപ്പിച്ച ഫീസിന്റെ അത്രയും ഇരട്ടി തുക |
| 7. | അനുവാദം നൽകേണ്ടത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

| | | |
|---|---|---|
| 8. | അപ്പീൽ അധികാരി | ഗ്രാമപഞ്ചായത്ത്/ജില്ലാതല അപ്പീൽ അധികാരി |
| 9. | റിവിഷൻ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

3. കാറ്റഗറി ഒന്ന് സംരംഭങ്ങളുടെ ലൈസൻസ് പുതുക്കൽ

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| 2. | സമയപരിധി | ഫാറം 3(ബി) യിലുള്ള സ്വയം സാക്ഷ്യപത്രം, നിശ്ചിത ഫീസ് എന്നിവ ലഭിച്ച അതേ ദിവസം |
| 3. | സമർപ്പിക്കേണ്ട രേഖകൾ | 1.2025 ലെ (കേരള പഞ്ചായത്ത് രാജ് സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം 3(ബി) യിലുള്ള സ്വയംസാക്ഷ്യപത്രം<br>2.ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ കൂടുതൽ ആകാത്ത രീതിയിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിട്ടുള്ള ഫീസ് അടച്ച രസീത് |
| 4. | അപേക്ഷ നൽകേണ്ട സമയം | സെക്രട്ടറി അനുവദിച്ച നിലവിലെ ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിന 30 ദിവസം മുമ്പ് |
| 5. | അടക്കേണ്ട ഫീസ് | ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകൾ കൂടുതൽ ആകാത്ത രീതിയിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് ഒന്നിൽ കൂടുതൽ വർഷത്തേക്ക് ലൈസൻസ് അനുവദിക്കേണ്ട കാര്യത്തിൽ മേൽ സൂചിപ്പിച്ച ഫീസിന്റെ അത്രയും ഇരട്ടി തുക |
| 6. | ലൈസൻസ് പുതുക്കി നൽകേണ്ടത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 7 | അപ്പീൽ അധികാരി | ഗ്രാമപഞ്ചായത്ത്/ജില്ലാതല അപ്പീൽ അധികാരി |
| 8 | റിവിഷൻ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

4.കാറ്റഗറി ഒന്ന് സംരംഭങ്ങൾക്കുള്ള പുതിയ രജിസ്ട്രേഷൻ

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| 2. | സമയപരിധി | ഫാറം -6 ലുള്ള അപേക്ഷ<br>നിശ്ചിത ഫീസ് എന്നിവ ലഭിച്ച് 3 ദിവസത്തിനകം |
| 3. | സമർപ്പിക്കേണ്ട രേഖകൾ | 1.2025 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം 6 ലെ അപേക്ഷ<br>2.ചട്ടങ്ങളിലെ മൂന്നാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ കൂടുതൽ ആകാത്ത രീതിയിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളതല ഫീസ് അടച്ച രസീത് |
| 4. | അപേക്ഷ നൽകേണ്ട സമയം | രജിസ്ട്രേഷൻ ആവശ്യമായ സംരംഭങ്ങൾ ആരംഭിക്കുന്നതിന 15 ദിവസം മുൻപ് |
| 5. | അടക്കേണ്ട ഫീസ് | ചട്ടങ്ങളിലെ മൂന്നാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകൾ കൂടുതൽ ആകാത്ത രീതിയിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് ഒന്നിൽ കൂടുതൽ വർഷത്തേക്ക് ലൈസൻസ് അനുവദിക്കേണ്ട കാര്യത്തിൽ മേൽ സൂചിപ്പിച്ച ഫീസിന്റെ അത്രയും ഇരട്ടി തുക |
| 6. | രജിസ്ട്രേഷൻ നൽകേണ്ടത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 7. | അപ്പീൽ അധികാരി | ഗ്രാമപഞ്ചായത്ത്/ജില്ലാതല അപ്പീൽ അധികാരി |
| 8 | റിവിഷൻ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

കാറ്റഗറി രണ്ട് സംരംഭങ്ങൾ

1.കാറ്റഗറി രണ്ട് സംരംഭങ്ങൾക്ക് പുതിയ ലൈസൻസ് അനുവദിക്കൽ

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| 2. | സമയപരിധി | ഫാറം -1 ലുള്ള അപേക്ഷ<br>നിശ്ചിത ഫീസ് എന്നിവ ലഭിച്ച് 5 ദിവസത്തിനകം |
| 3. | സമർപ്പിക്കേണ്ട രേഖകൾ | 1.2025 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം 1 ലെ അപേക്ഷ<br>2.സ്ഥലത്തിന്റെ /കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ<br>3.സ്ഥലം/കെട്ടിടം അപേക്ഷകന്റെ സ്വന്തം അല്ലെങ്കിൽ ഉടമയുടെ മുദ്രപത്രത്തിലുള്ള സമ്മതപത്രം<br>4.ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ കൂടുതൽ ആകാത്ത രീതിയിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് അടച്ച രസീത് |
| 4. | അപേക്ഷ നൽകേണ്ട സമയം | സംരംഭക ആവശ്യങ്ങൾക്കായി സ്ഥലം/കെട്ടിടം ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്ന തീയതിക്ക് 15 ദിവസം മുൻപായി |
| 5. | അടക്കേണ്ട ഫീസ് | ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകൾ കൂടുതൽ ആകാത്ത രീതിയിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് ഒന്നിൽ കൂടുതൽ വർഷത്തേക്ക് ലൈസൻസ് അനുവദിക്കേണ്ട കാര്യത്തിൽ മേൽ സൂചിപ്പിച്ച ഫീസിന്റെ അത്രയും ഇരട്ടി തുക |
| 6. | അനുവാദം നൽകേണ്ടത | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 7. | അപ്പീൽ അധികാരി | ഗ്രാമപഞ്ചായത്ത്/ജില്ലാതല അപ്പീൽ അധികാരി |
| 8. | റിവിഷൻ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

2. കാറ്റഗറി രണ്ട് സംരംഭങ്ങളുടെ ലൈസൻസ് പുതുക്കൽ

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| 2. | സമയപരിധി | ഫാറം 3(എ) യിലുള്ള സ്വയം സാക്ഷ്യപത്രം, നിശ്ചിത ഫീസ് എന്നിവ ലഭിച്ച അതേ ദിവസം |
| 3. | സമർപ്പിക്കേണ്ട രേഖകൾ | 1.2025 ലെ (കേരള പഞ്ചായത്ത് രാജ് സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം 3(എ) യിലുള്ള സ്വയംസാക്ഷ്യപത്രം<br>2.ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ കൂടുതൽ ആകാത്ത രീതിയിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് അടച്ച രസീത് |
| 4. | അപേക്ഷ നൽകേണ്ട സമയം | സെക്രട്ടറി അനുവദിച്ച നിലവിലെ ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിന 30 ദിവസം മുമ്പ് |
| 5. | അടക്കേണ്ട ഫീസ് | ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകൾ കൂടുതൽ ആകാത്ത രീതിയിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് ഒന്നിൽ കൂടുതൽ വർഷത്തേക്ക് ലൈസൻസ് അനുവദിക്കേണ്ട കാര്യത്തിൽ മേൽ സൂചിപ്പിച്ച ഫീസിന്റെ അത്രയും ഇരട്ടി തുക |
| 6. | ലൈസൻസ് പുതുക്കി നൽകേണ്ടത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

| | | |
|---|---|---|
| 7. | അപ്പീൽ അധികാരി | ഗ്രാമപഞ്ചായത്ത്/ജില്ലാതല അപ്പീൽ അധികാരി |
| 8. | റിവിഷൻ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

മറ്റ് ലൈസൻസുകൾ

1.സ്വകാര്യ ശ്മശാനം (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലം/സ്ഥാപിക്കൽ/വിപുലീകരിക്കൽ എന്നിവക്ക് ലൈസൻസ് നൽകൽ)

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| 2. | സമയപരിധി | പഞ്ചായത്ത് പരിഗണിക്കേണ്ടത് - 30 ദിവസം , ജില്ലാ മെഡിക്കൽ ഓഫീസർ-30 ദിവസം, ജില്ലാ കളക്ടർ 6 മാസം |
| 3. | ലൈസൻസ് നൽകേണ്ടത | ജില്ലാ കളക്ടർ |
| 4. | രജിസ്ട്രേഷൻ നടത്തേണ്ടത | സെക്രട്ടറി |
| 5. | സമർപ്പിക്കേണ്ട രേഖകൾ | 1.ഫാറം ഒന്നിലുള്ള അപേക്ഷ<br>2.ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>3.സ്ഥലത്തിന്റെ പ്ലാനും സ്കെച്ചും<br>4.വില്ലേജ് ഓഫീസറിൽ നിന്നുള്ള പൊസഷൻ സർട്ടിഫിക്കറ്റ്<br>5.50 മീറ്റർ റേഡിയസിൽ വരുന്ന ജനവാസ ഗൃഹങ്ങളുടെയും ജലസ്രോതസ്സുകളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സ്ഥലത്തിന്റെ മാപ്പ്<br>6.ഏതെങ്കിലും തരത്തിലുള്ള നിർമ്മാണം ഉണ്ടെങ്കിൽ കെ.പി.ബി.ആർ അനുസരിച്ചുള്ള അപേക്ഷ |
| 6. | അപേക്ഷ ഫീസ് | 1000 രൂപ ചട്ടം 6(3) |

2.സ്വകാര്യ മാർക്കറ്റുകൾക്കുള്ള പുതിയ ലൈസൻസുകൾ/ലൈസൻസുകൾ പുതുക്കൽ

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| 2. | സമയപരിധി | 30 ദിവസം |
| 3. | അനുമതി നൽകേണ്ടത് | ഗ്രാമപഞ്ചായത്ത് |
| 4. | ലൈസൻസ് നൽകേണ്ടത | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 5. | സമർപ്പിക്കേണ്ട രേഖകൾ | 1. II ാം നമ്പർ ഫോറത്തിലുള്ള അപേക്ഷ<br>2.സ്റ്റാളുകൾ, ഇറക്കുമതി സ്ഥലങ്ങൾ, പോക്കുവരവിനുള്ള വഴികൾ, അഴുക്കുചാലുകൾ, ശൗചാലയങ്ങൾ തുടങ്ങിയവയുടെ സ്ഥാനം രേഖപ്പെടുത്തിയ സ്കെച്ച്<br>3.ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, അപേക്ഷകൻ സ്ഥലയുടമയല്ലെങ്കിൽ സ്ഥലം പാട്ടത്തിന് കൊടുത്തതിന്റെ രജിസ്റ്റർ ചെയ്ത കരാർ<br>4.പുതുതായി തുടങ്ങുന്ന സംഗതിയിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പെർമിറ്റിനുള്ള അപേക്ഷ<br>5.പുതുതായി തുടങ്ങുന്ന സംഗതിയിൽ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ചെലവ് തുക പഞ്ചായത്തിൽ അടച്ചതിന്റെ രസീത്,<br>6.പുതുക്കലാണെങ്കിൽ മൊത്തം വരവ് ചെലവിന്റെ സ്റ്റേറ്റ്മെന്റ് ചട്ടം |
| 6. | അടക്കേണ്ട ഫീസ് | 1.പുതിയത് തുടങ്ങുമ്പോൾ - പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ്<br>2.പുതുക്കുന്നതിന് പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ്<br>3.അന്തിച്ചന്തക്ക് യാതൊരു ഫീസും ഈടാക്കുവാൻ പാടില്ല |
| 7 | അപ്പീൽ അധികാരി | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള |

| | | |
|---|---|---|
| | | ട്രൈബ്യൂണൽ |

3. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| 2. | സമയപരിധി | 15 ദിവസം |
| 3. | ലൈസൻസ് നൽകേണ്ടത | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 4. | സമർപ്പിക്കേണ്ട രേഖകൾ | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ<br>2.സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>3.അപേക്ഷകൻ കെട്ടിട ഉടമ അല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം/എഗ്രിമെന്റ് പകർപ്പ് |
| 5. | അടക്കേണ്ട ഫീസ് | 1.രജിസ്ട്രേഷൻ ഫീസ് -200 രൂപ<br>2.പുതുക്കുന്നതിന് - 50 രൂപ<br>3.ഡ്യൂപ്ലിക്കേഷൻ - 50 രൂപ |
| 6. | അന്വേഷണ ഉദ്യോഗസ്ഥൻ | സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ |
| 7. | അപ്പീൽ അധികാരി | ഗ്രാമപഞ്ചായത്ത് |
| 8. | അപ്പീൽ റിവിഷൻ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

4. പട്ടികൾക്ക് ലൈസൻസ് നൽകൽ

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| 2. | സമയപരിധി | 30 ദിവസം (ലൈസൻസ് പുതുക്കുന്ന സംഗതിയിൽ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് |
| 3. | ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 4. | സമർപ്പിക്കേണ്ട രേഖകൾ | 1.അപേക്ഷ - അപേക്ഷയിൽ പ്രായം , നിറം, ഇനം, മുതലായവ കാണിച്ചിരിക്കണം<br>2.പേപ്പട്ടി വിഷബാധയ്ക്കെതിരെ പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിട്ടുണ്ടെന്നുള്ള ഡോക്ടറുടെ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് |
| 5. | അടക്കേണ്ട ഫീസ് | 50/- രൂപ |
| 6. | അപ്പീൽ അധികാരി | ഗ്രാമപഞ്ചായത്ത് |

മറ്റ് സേവനങ്ങൾ

1.അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിലുള്ള മുൻകരുതലുകൾ

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| 2. | ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| 3. | സമർപ്പിക്കേണ്ട രേഖകൾ | അപേക്ഷ |
| 4. | അടക്കേണ്ട ഫീസ് | ആവശ്യമില്ല |
| 5. | റിപ്പോർട്ട് നൽകാൻ ബാധ്യതപ്പെട്ടവർ | സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ |
| 6. | അപ്പീൽ അധികാരി | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

2. നിർദ്ധന വ്യക്തികൾക്ക് ദുരിത നിവാരണാർത്ഥം സഹായം നൽകൽ

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| 2. | സമയപരിധി | 3 ദിവസം |
| 3. | ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |

| | | |
|---|---|---|
| 4. | സമർപ്പിക്കേണ്ട രേഖകൾ | വിശദ വിവരങ്ങൾ ഉൾപ്പെടുത്തിയ വെള്ളക്കടലാസിലെ അപേക്ഷ |
| 5. | അർഹതാ നിബന്ധനകൾ | 1.പേമാരി വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതം അനുഭവിക്കുന്നവരായിരിക്കണം<br>2.പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്നവരും നിർധനരുമായിരിക്കണം<br>3.മറ്റേതെങ്കിലും ഏജൻസിയിൽ നിന്നും ലഭിച്ച/ലഭിക്കാവുന്ന ധനസഹായങ്ങളും പരിഗണിക്കണം |

3.ഹാൾ,ഗ്രൗണ്ട് ഇടങ്ങിയവ വാടകയ്ക്ക് നൽകൽ

| | | |
|---|---|---|
| 1. | അപേക്ഷ നൽകേണ്ടത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| 2. | ഉദ്യോഗസ്ഥൻ | സെക്രട്ടറി/സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ |
| 3. | സമയപരിധി | |
| 4. | സമർപ്പിക്കേണ്ട രേഖകൾ | അപേക്ഷ |
| 5. | അർഹതാ നിബന്ധനകൾ | ബൈലോ/പൗരാവകാശ രേഖ/പഞ്ചായത്ത് തീരുമാന പ്രകാരം |
| 6. | അടക്കേണ്ട ഫീസ് | പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് |
| 7. | അപ്പീൽ | ഗ്രാമപഞ്ചായത്ത് |

# LID & EW വിഭാഗം

| ക്രമ നമ്പർ | സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|---|
| 1 | **കെട്ടിട നിർമ്മാണ പെർമിറ്റുകൾ, റെഗുലറൈസേഷൻ, കെട്ടിടനമ്പറിംഗ്, ഒക്യുപെൻസി സർട്ടിഫിക്കറ്റ്, പഞ്ചായത്ത് റോഡിൽ ടാർ മുറിച്ച് വാട്ടർ പൈപ്പ് ഇടുന്നതിനുള്ള അനുമതി എന്നിവയ്ക്കുള്ള അപേക്ഷകളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കൽ** | ബന്ധപ്പെട്ട അപേക്ഷകൾ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ ഈ പൗരാവകാശരേഖയിൽ മുൻ പേജുകളിൽ വിശദീകരിച്ചിട്ടുണ്ട്. | നിശ്ചിത പ്രവർത്തി ദിവസം |

| ക്രമ നമ്പർ | സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|---|
| 2 | **അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന വിവിധ പ്രോജക്ടുകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ** | കാലാകാലങ്ങളിൽ തയ്യാറാക്കുന്ന പ്രോജക്ടുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ | പ്രോജക്ടുകളിലെ വ്യവസ്ഥകൾ പ്രകാരം |

## പൊതു സേവന സാദ്ധ്യത

1. പഞ്ചായത്ത് അംഗീകരിക്കുന്ന പദ്ധതികൾ ഗുണമേന്മ്യ സഹകരണത്തോടെ നിർവ്വഹിക്കാൻ ആവശ്യമായ സാങ്കേതിക സേവനം
2. ഗ്രാമസഭാതലത്തിൽ വികസന പദ്ധതികൾ രൂപപ്പെടുത്താൻ തക്ക സാങ്കേതിക സഹായം
3. പൊതു വിനിയോഗ സ്ഥലങ്ങളിൽ സംഭവിക്കുന്ന സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ തക്ക സേവനം
4. പഞ്ചായത്ത് വക കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനം വക കെട്ടിടങ്ങൾ, റോഡുകൾ, ഇതര നിർമ്മിതികൾ ഇവയുടെ മരാമത്തിന്റെ നിർവ്വഹണസഹായ സേവനം
5. വികസന പദ്ധതി രൂപീകരണം, സാങ്കേതിക അനുമതി വിലയിരുത്തൽ എന്നിവയ്ക്ക് പിന്തുണ സേവനം
6. മരാമത്ത് നിർവ്വഹണത്തിനായി അസംസ്കൃത വസ്തു സംഭരണം, ഗുണമേന്മ നിരീക്ഷണം, നിർവ്വഹണ മേൽനോട്ട സേവനം
7. നീർത്തട പരിപാലനം, സ്ഥലമാന - വിഭവ രൂപട നിർമ്മിതി, പദ്ധതി ആസൂത്രണം എന്നിവയ്ക്ക് ആവശ്യമായ സേവനം അവയുടെ പുതുക്കൽ പ്രവർത്തന സേവനം
8. ഗ്രാമസഭയുടെ എക്സ്ഒഫിഷ്യോ സെക്രട്ടറി/പഞ്ചായത്തിന്റെ എക്സ്ഒഫിഷ്യോ സെക്രട്ടറി എന്നീ നിലകളിലുള്ള സേവനം
9. വികസന കർമ്മ സമിതി കൺവീനർ / സാങ്കേതിക ഉപദേശക സമിതി അംഗം എന്നീ നിലയ്ക്കുള്ള വിദഗ്ദ്ധ സേവനം
10. പഞ്ചായത്ത് ഓവർസിയർ കൈമാറിയ ഇഞ്ചിനീയറിംഗ് വിഭാഗം എന്നിവരുടെ ഉത്കൃഷ്ട സേവനം
11. മരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, അളവെടുക്കൽ, ബില്ലുകൾ തയ്യാറാക്കൽ, നിർവ്വഹണ മേൽനോട്ടം, ആവശ്യമെങ്കിൽ പരിഷ്ക്കരിച്ച എസ്റ്റിമേറ്റ് തയ്യാറാക്കൽ എന്നിവ.

പഞ്ചായത്ത് സമർപ്പിക്കുന്ന അപേക്ഷ പ്രകാരം പൗരന്മാർ ആവശ്യപ്പെടുന്ന മരാമത്ത് സംബന്ധമായ രേഖകൾ പഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശാനുസരണം പരിശോധനയ്ക്ക് ലഭ്യമാക്കുക.

| ക്രമ നമ്പർ | സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|---|
| | | ഗ്രാമപഞ്ചായത്ത് - കൃഷിഭവൻ | |
| 1 | മണ്ണ് പരിശോധന | ശാസ്ത്രീയമായി ശേഖരിച്ച 500 ഗ്രാം മണ്ണ് സാമ്പിളും കർഷകന്റെയും വിളകളുടെയും വിവരങ്ങളും കൃഷിഭവനിൽ സമർപ്പിക്കുക. | പരിശോധന ശാലയിൽ നിന്നും റിസൾട്ട് ലഭിക്കുന്ന മുറയ്ക്ക് |
| 2 | പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം | കൃഷിനാശം സംഭവിച്ച് 10 ദിവസങ്ങൾക്കുള്ളിൽ AIMS പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കണം. | ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് |
| 3 | കൃഷി ആവശ്യത്തിന് പമ്പ് സെറ്റ് സ്ഥാപിച്ച് വൈദ്യുതി കണക്ഷന് മുൻഗണന ലഭിക്കുന്നതിനായുള്ള സാക്ഷ്യപത്രം | നിശ്ചിത മാതൃകയിലുള്ള അപേക്ഷയും പമ്പ് സെറ്റ് സ്ഥാപിച്ച സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റും കൃഷി ഓഫീസർക്ക് സമർപ്പിക്കുക. | 7 പ്രവർത്തി ദിവസം |
| 4 | നെൽകൃഷിയ്ക്കുള്ള ഉൽപാദക ബോണസ് | ഓരോ വിളയ്ക്കും പാടശേഖര സമിതികൾ മുഖാന്തിരം പ്രത്യേകം പ്രത്യേകം അപേക്ഷകൾ നിശ്ചിത ഫോറത്തിൽ കൃഷി ഓഫീസർക്ക് നൽകുക. | ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് |
| 5 | അത്യുല്പാദന ശേഷിയുള്ള വിത്തുകളുടേയും നടീൽ വസ്തുക്കളുടേയും വിതരണം | വിള ഇറക്കുന്നതിന് മുൻപ് കൃഷിഭവനുമായി ബന്ധപ്പെടുക. | വസ്തുക്കളും നടീൽ വസ്തുക്കളും ലഭിക്കുന്ന മുറയ്ക്ക് |
| 6 | രാസവളം, കീടനാശിനി വിൽപന നടത്തുന്നതിനുള്ള ലൈസൻസ് നൽകലും പുതുക്കലും | നിശ്ചിത ഫോറത്തിൽ കൃഷി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുക. രാസവളം വിൽപനയ്ക്കുള്ള ലൈസൻസിന് 1000/- രൂപയും കീടനാശിനി വിൽപനയ്ക്കുള്ള ലൈസൻസിന് 500/- രൂപയും ഫീസ് ഒടുക്കണം | 8 പ്രവർത്തി ദിവസം |
| 7 | അഗ്രോക്ലിനിക്കുകളുടെ സേവനം | പ്രവർത്തി സമയങ്ങളിൽ കൃഷി ഓഫീസറെ നേരിട്ട് ബന്ധപ്പെട്ട് കർഷകരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുക | |

| ക്രമ നമ്പർ | സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|---|
| 8 | 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട്/2008ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷകൾ. | revenue.kerala.gov.in എന്ന പോർട്ടൽ വഴി അപേക്ഷ നൽകണം. | — ദിവസത്തിനകം ജില്ലാതല അധികൃത സമിതിയ്ക്ക് റിപ്പോർട്ട് / ശുപാർശ സമർപ്പിക്കുന്നതാണ്. |
| 9 | **വിള ഇൻഷ്വറൻസ്** | AIMS പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കണം. വിളകൾക്ക് അനുസൃതമായിട്ടുള്ള പ്രീമിയം തുക അടക്കണം. കൃഷി ചെയ്തിരിക്കുന്ന വിള മൊത്തമായി മാത്രമേ ഇൻഷ്വർ ചെയ്യുകയുള്ളൂ. | വിളകൾ അനുസരിച്ച് |
| 10 | **ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ** | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ<br>2. കൈവശാവകാശ സർട്ടിഫിക്കറ്റ്, വില്ലേജിൽ കരം തീർത്ത രസീതിന്റെ കോപ്പി<br>3. റേഷൻകാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ കോപ്പി | കാർഷിക വികസന കമ്മിറ്റിയുടെ തീരുമാനമാകുന്ന മുറയ്ക്ക് |
| 11 | **കൃഷി ഓഫീസർ നിർവ്വഹണം നടത്തുന്ന വിവിധ പ്രോജക്ടുകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ** | കാലാകാലങ്ങളിൽ തയ്യാറാക്കുന്ന പ്രോജക്ടുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ | പ്രോജക്ടുകളിലെ വ്യവസ്ഥകൾ പ്രകാരം |

## ഗ്രാമ പഞ്ചായത്ത് – വെറ്ററിനറി ഡിസ്പെൻസറി

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരങ്ങൾ | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | അപേക്ഷകൻ അടയ്ക്കേണ്ട ഫീസ് |
|---|---|---|---|---|
| 1 | ആശുപത്രിയിൽ കൊണ്ടു വരുന്ന വളർത്തു മൃഗങ്ങൾക്കും പക്ഷികൾക്കുമുള്ള ചികിത്സ | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | തത്സമയം | ഇല്ല |
| 2 | പകർച്ചവ്യാധികൾക്ക് എതിരെയുള്ള രോഗപ്രതിരോധ കുത്തിവയ്പും പ്രതിരോധ നടപടിയും | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | തത്സമയം | ഇല്ല |
| 3 | വളർത്തു മൃഗങ്ങൾക്ക് ഇൻഷ്വറൻസ് സംരക്ഷണം | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | തത്സമയം | പ്രീമിയം തുക ഗുണഭോക്താവ് വഹിക്കേണ്ടതാണ് |
| 4 | മൃഗസംരക്ഷണ വകുപ്പിന്റെയും പഞ്ചായത്തിന്റെയും പദ്ധതികളുടെ നിർവ്വഹണം | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | നടപടി ക്രമങ്ങൾ പാലിച്ച് കൊണ്ട് | ഇല്ല |
| 5 | പശു, എരുമ എന്നിവയുടെ പ്രജനനത്തിനും വർഗ്ഗഗുണം മെച്ചപ്പെടുത്തുന്നതിനുമുള്ള കൃത്രിമ ബീജധാന സൗകര്യം | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | തത്സമയം | ഇല്ല |
| 6 | ഗസറ്റഡ് ഓഫീസർ എന്ന നിലയിൽ ഒപ്പും രേഖകളും സാക്ഷ്യപ്പെടുത്തൽ | ഡ്യൂട്ടി സമയത്ത് ഡോക്ടറെ അസ്സൽ സഹിതം സമീപിക്കുക | തത്സമയം | ഇല്ല |

## ഗ്രാമപഞ്ചായത്ത് – ഫീസ് ഒടുക്കി ലഭ്യമാക്കേണ്ടവ

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരങ്ങൾ | അടയ്ക്കേണ്ട ഫീസ് |
|---|---|---|
| 1 | ഓമന മൃഗങ്ങൾക്കുള്ള ചികിത്സ രജിസ്ട്രേഷൻ ഫീസ് മൂന്ന് മാസത്തേയ്ക്ക് | 25/- |
| 2 | പേവിഷ പ്രതിരോധ കുത്തിവയ്പ് | 30/- |
| 3 | ഓമന മൃഗങ്ങൾക്കുള്ള ലഘു ശസ്ത്രക്രിയ | 80/- |
| 4 | ഓമന മൃഗങ്ങൾക്കുള്ള മേജർ ശസ്ത്രക്രിയ | 265/- |

## ഗ്രാമപഞ്ചായത്ത് – ICDP സബ്സെന്ററുകൾ

| ക്രമ നമ്പർ | സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|---|
| 1 | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സേവനം | സാധാരണ ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 1 മണി വരെയും 2 മണി മുതൽ 3 മണി വരെയും, അവധി ദിവസങ്ങളിൽ കാലത്ത് 9 മണി മുതൽ 1 മണി വരെയും ഞായറാഴ്ച 9 മുതൽ 12 വരെയും കേന്ദ്രങ്ങളിൽ സമീപിക്കുക. | |
| 2 | കൃത്രിമ ബീജസങ്കലനം | മദിലക്ഷണം തുടങ്ങി 24 മണിക്കൂറിനുള്ളിൽ ഉരുക്കളെ ഡോക്ടറുടെ സമീപത്തെത്തിക്കുക. നിശ്ചിത ഫീ ഒടുക്കണം | |
| 3 | രോഗ പ്രതിരോധ കുത്തിവയ്പുകളും പ്രഥമ ശുശ്രൂഷയും | പ്രവർത്തി സമയങ്ങളിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരെ സമീപിക്കുക | |
| 4 | നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ, പുൽവിത്ത് ഇവയുടെ വിതരണം | വിതരണം ചെയ്യുന്ന അവസരങ്ങളിൽ പ്രവർത്തി സമയങ്ങളിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരെ സമീപിക്കുക. ഡിപ്പാർട്ട്മെന്റ് നിശ്ചയിക്കുന്ന നിരക്കിൽ വില നൽകണം | |
| 5 | വന്ധ്യതാ നിവാരണ ക്യാമ്പുകൾ | ഇത്തരം ക്യാമ്പുകൾ നടക്കുമ്പോൾ ഉരുക്കളെ ക്യാമ്പിൽ എത്തിക്കുക | |

## അംഗണവാടികൾ – ഐ.സി.ഡി.സി. സൂപ്പർവൈസർമാർ

| ക്രമ നമ്പർ | സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|---|
| 1 | അനുപൂരക പോഷകാഹാര വിതരണം 6 വയസിന് താഴെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും | ഗർഭിണിയാണെന്ന് അറിഞ്ഞയുടനെ അടുത്ത അംഗണവാടിയിൽ രജിസ്റ്റർ ചെയ്യുക. 6 വയസിന് താഴെയുള്ള കുട്ടികളെ അംഗണവാടികളിൽ രജിസ്റ്റർ ചെയ്യുക | ഗർഭിണികൾക്ക് പ്രസവിച്ച് 6 മാസം വരെയും കുട്ടികൾക്ക് 6 വയസ് വരെയും |
| 2 | അനൗപചാരിക വിദ്യാഭ്യാസം 3 വയസിനും 6 വയസിനും ഇടയിൽ | കുട്ടിയുടെ പേര് അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | കുട്ടിയ്ക്ക് 3 വയസ് മുതൽ 6 വയസ് വരെ |
| 3 | ആരോഗ്യ പരിപാലനം (കുട്ടികൾക്കും അമ്മമാർക്കും) | അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുക | അമ്മയ്ക്ക് പ്രസവിച്ച് 6 മാസം വരെയും കുട്ടികൾക്ക് 6 വയസ് വരെയും |
| 4 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തുന്ന വിവിധ പ്രോജക്ടുകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ | കാലാകാലങ്ങളിൽ തയ്യാറാക്കുന്ന പ്രോജക്ടുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ | പ്രോജക്ടുകളിലെ വ്യവസ്ഥകൾ പ്രകാരം |

## ഗ്രാമ പഞ്ചായത്ത് – കുടുംബാരോഗ്യ കേന്ദ്രം

| ക്രമ നമ്പർ | സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|---|
| 1 | ഡോക്ടറുടെ സേവനം | എല്ലാ ദിവസവും രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 12.30 വരെ ഡോക്ടറെ സമീപിക്കുക | |
| 2 | മെഡിക്കൽ സർട്ടിഫിക്കറ്റ് | ആവശ്യക്കാരൻ ഡ്യൂട്ടി സമയത്ത് നേരിട്ട് ഡോക്ടറുടെ മുന്നിൽ ഹാജരാകണം. 100/- രൂപ ഫീ അടക്കണം | |
| 3 | ലൈഫ് സർട്ടിഫിക്കറ്റ് | ആവശ്യക്കാരൻ പെൻഷൻ പേമെന്റ് ഓർഡർ സഹിതം നേരിട്ട് ഉച്ചയ്ക്ക് 12.30 മുതൽ 1.30 വരെ തിരിച്ചറിയൽ രേഖകൾ സഹിതം ഡോക്ടറെ സമീപിക്കണം | |

| ക്രമ നമ്പർ | സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|---|
| 4 | ഏജ് സർട്ടിഫിക്കറ്റ് | റേഷൻകാർഡ് അല്ലെങ്കിൽ തിരിച്ചറിയൽ കാർഡ് ഇവയിൽ ഏതെങ്കിലും സഹിതം ഉച്ചയ്ക്ക് 12.30 മുതൽ 1.30 വരെ ഡോക്ടറെ സമീപിക്കണം | |
| 5 | കുടുംബാസൂത്രണ പ്രവർത്തനങ്ങൾ | അർഹരായ ദമ്പതികൾ പ്രവർത്തി സമയങ്ങളിൽ പി.എച്ച്. സെന്ററിൽ സമീപിക്കുക | |
| 6 | വിവിധ പകർച്ചവ്യാധികൾക്ക് ചികിത്സ | ഡ്യൂട്ടി സമയത്ത് ആരോഗ്യ കേന്ദ്രത്തിൽ സമീപിക്കുക | |
| 7 | വിവിധ പ്രതിരോധ കുത്തിവയ്പ്പുകൾ | എല്ലാ ബുധനാഴ്ചയും രാവിലെ 10 മണി മുതൽ 1 മണി വരെ | |
| 8 | ജീവിതശൈലി രോഗനിർണ്ണയ ക്ലിനിക്ക് | എല്ലാ ശനിയാഴ്ചയും രാവിലെ 9 മണി മുതൽ 1 മണി വരെ സബ്സെന്റർ : വ്യാഴാഴ്ച | |
| 9 | കിടപ്പ് രോഗികൾക്കുള്ള ഗൃഹപരിചരണവും സാന്ത്വന ചികിത്സയും | മുൻകൂട്ടി രജിസ്റ്റർ ചെയ്യുക | |
| 10 | പാലിയേറ്റീവ് മരുന്ന് വിതരണം | പാലിയേറ്റീവ് രോഗി ആയിരിക്കണം. | എല്ലാ ബുധനാഴ്ചയും |
| 11 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന വിവിധ പ്രോജക്ടുകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ | കാലാകാലങ്ങളിൽ തയ്യാറാക്കുന്ന പ്രോജക്ടുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ | പ്രോജക്ടുകളിലെ വ്യവസ്ഥകൾ പ്രകാരം |

## ആശാ പ്രവർത്തകരും പ്രവർത്തനങ്ങളും

ഗർഭിണികളെ കണ്ടെത്തി ആശുപത്രിയിൽ രജിസ്റ്റർ ചെയ്യുക, സബ്സെന്ററുകളിൽ എത്തിച്ച് വേണ്ട മരുന്നുകൾ കാലാകാലങ്ങളിൽ ലഭ്യമാക്കുക, കുട്ടികളെ സബ്സെന്ററുകളിൽ രജിസ്റ്റർ ചെയ്ത് അവർക്ക് വേണ്ടത്ര പ്രതിരോധ കുത്തിവയ്പ്പുകൾ ലഭ്യമാക്കുക, ആരോഗ്യ വിദ്യാഭ്യാസ ക്ലബ്ബുകൾ സംഘടിപ്പിക്കുക, മഴക്കാല രോഗ ശുചീകരണ പ്രവർത്തനങ്ങളായ ക്ലോറിനേഷൻ, പൾസ് പോളിയോ, മന്ത് നിവാരണം ഇവയിൽ സഹായിക്കുക.

## ഗ്രാമപഞ്ചായത്ത് – കുടുംബക്ഷേമ കേന്ദ്രങ്ങൾ

| ക്രമ നമ്പർ | സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|---|
| 1 | മാതൃശിശു സംരക്ഷണം | ഡ്യൂട്ടി സമയത്ത് കുടുംബക്ഷേമ കേന്ദ്രത്തെ സമീപിക്കുക | |
| 2 | പ്രതിരോധ കുത്തിവയ്പ് | മാസത്തിലൊരിക്കൽ മുൻകൂട്ടി തീരുമാനിക്കുന്ന ദിവസങ്ങളിൽ | |
| 3 | കുടുംബാസൂത്രണ പ്രവർത്തനങ്ങൾ | അർഹരായ ദമ്പതികൾ പ്രവർത്തി സമയങ്ങളിൽ കുടുംബക്ഷേമ കേന്ദ്രത്തെ സമീപിക്കുക | |
| 4 | ജീവിതശൈലി രോഗ നിർണ്ണയവും നിയന്ത്രണവും | എല്ലാ വ്യാഴാഴ്ചകളിലും 2 മണി മുതൽ 3 മണി വരെ | |

## ഗ്രാമപഞ്ചായത്ത് – ഹോമിയോ ഡിസ്പെൻസറി

| ക്രമ നമ്പർ | സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|---|
| 1 | ഡോക്ടറുടെ സേവനം | ഒ. പി. സമയം രാവിലെ 9 മുതൽ ഉച്ചയ്ക്ക് 2 മണി വരെ | |
| 2 | മെഡിക്കൽ സർട്ടിഫിക്കറ്റ്/ഫിറ്റ്നസ് സർട്ടിഫിക്കറ്റ് | ചികിത്സയിലിരിക്കുന്ന രോഗികൾ അപേക്ഷ, ഒ.പി. ചീട്ട് എന്നിവ സഹിതം നേരിട്ട് ഹാജരാകണം | |
| 3 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന വിവിധ പ്രോജക്ടുകൾ | കാലാകാലങ്ങളിൽ തയ്യാറാക്കുന്ന പ്രോജക്ടുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ | |

## ഗ്രാമ പഞ്ചായത്ത് – ഗവ: ആയുർവ്വേദ ആശുപത്രി

| ക്രമ നമ്പർ | സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|---|
| 1 | ഡോക്ടറുടെ സേവനം | രാവിലെ 9 മുതൽ ഉച്ചയ്ക്ക് 2 മണി വരെ | |
| 2 | മെഡിക്കൽ സർട്ടിഫിക്കറ്റ് | ചികിത്സയിലിരിക്കുന്ന രോഗികൾ തിരിച്ചറിയൽ രേഖ, അപേക്ഷ, ഒ. പി.ടിക്കറ്റ് എന്നിവ സഹിതം നേരിട്ട് ഡോക്ടർ മുന്നിൽ ഹാജരാകണം | |
| 3 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന വിവിധ പ്രോജക്ടുകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ | കാലാകാലങ്ങളിൽ തയ്യാറാക്കുന്ന പ്രോജക്ടുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ | പ്രോജക്ടുകളുടെ വ്യവസ്ഥകൾ പ്രകാരം |

## ഗ്രാമപഞ്ചായത്ത് - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷിക്കുന്ന വിധം | മറ്റ് നിബന്ധനകൾ | അടയ്ക്കേണ്ട ഫീസ് | സേവനം ലഭ്യമാക്കാൻ വേണ്ട പരമാവധി സമയം |
|---|---|---|---|---|---|
| 1 | വിവിധ ഭവന നിർമ്മാണപദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യ വിതരണം | പഞ്ചായത്ത് അപേക്ഷ ക്ഷണിക്കുമ്പോൾ നിശ്ചിത ഫാറത്തിൽ അപേക്ഷ പൂരിപ്പിച്ച് സമർപ്പിക്കുക | ഗ്രാമസഭാ ലിസ്റ്റിൽ നിന്നും ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് നൽകുന്ന ക്രമത്തിൽ റേഷൻ കാർഡ്, ഐ.ഡി.കാർഡ് ഇവ ഹാജരാക്കുക | ഇല്ല | മാനദണ്ഡം പൂർത്തീകരണ പ്രകാരമുള്ള കാലാവധി ബാധകം |
| 2 | വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾക്ക് ആനുകൂല്യ വിതരണം | പഞ്ചായത്ത് അപേക്ഷ ക്ഷണിക്കുമ്പോൾ നിശ്ചിത ഫാറത്തിൽ അപേക്ഷ പൂരിപ്പിച്ച് സമർപ്പിക്കുക | ഗ്രാമസഭാ ലിസ്റ്റിൽ നിന്നും ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് നൽകുന്ന ക്രമത്തിൽ റേഷൻ കാർഡ്, ഐ.ഡി.കാർഡ് ഇവ ഹാജരാക്കുക | ഇല്ല | മാനദണ്ഡം പൂർത്തീകരണ പ്രകാരമുള്ള കാലാവധി ബാധകം |
| 3 | വിവിധ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്ക് അവരുടെ വീടിന്റെ നിർമ്മാണഘട്ടം സംബന്ധിക്കുന്ന സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകൽ | ബന്ധപ്പെട്ട വി.ഇ.ഒ.യ്ക്ക് നിർമ്മാണ ഘട്ടം രേഖപ്പെടുത്തി അപേക്ഷ നൽകുക | റേഷൻകാർഡും പദ്ധതി കാർഡും ഹാജരാക്കുക | ഇല്ല | |
| 4 | വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകൽ | ബന്ധപ്പെട്ട വി.ഇ.ഒ.യ്ക്ക് നിർമ്മാണ ഘട്ടം രേഖപ്പെടുത്തി അപേക്ഷ നൽകുക | റേഷൻകാർഡും പദ്ധതി കാർഡും ഹാജരാക്കുക | ഇല്ല | |
| 5 | ബി.പി.എൽ. സാക്ഷ്യപത്രത്തിനുള്ള അന്വേഷണ റിപ്പോർട്ട് | ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നൽകുക | റേഷൻകാർഡ്, ബി.പി.എൽ. നമ്പർ ഇവ ഹാജരാക്കുക | ഇല്ല | |

## VB-G RAM G ആക്ട്, 2025 (പുതിയ ഗ്രാമീണ തൊഴിൽ പദ്ധതി)

ഇന്ത്യയിലെ ഗ്രാമീണ തൊഴിൽ മേഖലയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ നടപ്പിലാക്കിയ പുതിയ നിയമമായ **VB-G RAM G ആക്ട്, 2025** [പൂർണ്ണരൂപം: വികസിത് ഭാരത് ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) ] സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നിട്ടുള്ള വിവരം പൊതുജനങ്ങളുടെ അറിവിലേക്കായി താഴെ നൽകുന്നു. രണ്ട് പതിറ്റാണ്ടിലേറെ പഴക്കമുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGA) പൂർണ്ണമായും നിർത്തലാക്കിയാണ് 2026 ജൂലൈ 1 മുതൽ ഈ പുതിയ പരിഷ്കാരം നിലവിൽ വന്നത്.

### പ്രധാന സവിശേഷതകളും മാറ്റങ്ങളും:

| വിഷയം | പഴയ രീതി (MGNREGA) | പുതിയ രീതി (VB-G RAM G) |
|---|---|---|
| **തൊഴിൽ ദിനങ്ങൾ** | പ്രതിവർഷം 100 ദിവസത്തെ തൊഴിൽ ഗ്യാരന്റി | പ്രതിവർഷം **125 ദിവസമായി** വർദ്ധിപ്പിച്ചു. |
| **ഫണ്ട് പങ്കാളിത്തം** | കേന്ദ്ര സർക്കാർ വലിയ പങ്ക് വഹിച്ചിരുന്നു | **60:40 അനുപാതം** (60% കേന്ദ്രം, 40% സംസ്ഥാനം). |
| **കാർഷിക അവധി (Seasonal Pause)** | പ്രത്യേക അവധി വ്യവസ്ഥകൾ ഇല്ലായിരുന്നു | കൃഷിക്കാലങ്ങളിൽ പരമാവധി 60 **ദിവസത്തേക്ക്** പദ്ധതി താൽക്കാലികമായി നിർത്തിവെക്കും. ബാക്കി 305 ദിവസങ്ങൾക്കുള്ളിൽ 125 ദിവസത്തെ തൊഴിൽ ഉറപ്പാക്കും. |
| **ആധുനിക സാങ്കേതികവിദ്യ** | ഭാഗികമായ ഡിജിറ്റൽ സംവിധാനങ്ങൾ | സുതാര്യതയ്ക്കായി **ബയോമെട്രിക് അറ്റൻഡൻസ്, ജി.പി.എസ് (GPS), ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), ജിയോ-ടാഗിങ്** എന്നിവ നിർബന്ധമാക്കി. |
| **തൊഴിലില്ലായ്മ വേതനം** | കേന്ദ്ര-സംസ്ഥാന സംയുക്ത പങ്കാളിത്തം | ജോലി ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ നൽകിയില്ലെങ്കിൽ വേതനം നൽകും. ഇതിന്റെ **പൂർണ്ണ ഉത്തരവാദിത്തം സംസ്ഥാനങ്ങൾക്കായിരിക്കും.** |

### ഗുണഭോക്താക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

- **തൊഴിൽ കാർഡുകൾ:** നിലവിൽ e-KYC പൂർണ്ണമായിട്ടുള്ള പഴയ തൊഴിലുറപ്പ് കാർഡുകൾ പുതിയ 'ഗ്രാമീൺ റോസ്ഗാർ ഗ്യാരന്റി കാർഡുകൾ' വിതരണം ചെയ്യുന്നത് വരെ സാധുവായിരിക്കും.
- **പഞ്ചായത്തിലെ നടത്തിപ്പ്:** ഈ പദ്ധതി സംസ്ഥാനത്ത് സുഗമമായി നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് 'സ്റ്റേറ്റ് ലെവൽ സ്റ്റിയറിങ് കമ്മിറ്റി' രൂപീകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

> **ശ്രദ്ധിക്കുക:** പുതിയ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾക്കും വിവരങ്ങൾക്കുമായി അതത് വാർഡ് മെമ്പർമാരുമായോ മടിക്കൈ ഗ്രാമപഞ്ചായത്ത് ഓഫീസുമായോ ബന്ധപ്പെടേണ്ടതാണ്.

# കുടുംബശ്രീ

പഞ്ചായത്തിലെ ദാരിദ്ര്യ പിന്നോക്ക സമൂഹങ്ങളെ സംഘടിപ്പിച്ച് 2001 മുതൽ പ്രവർത്തനം ആരംഭിച്ച സംവിധാനമാണ് കുടുംബശ്രീ അയൽകൂട്ടങ്ങൾ. ബി.പി.എൽ., എ.പി.എൽ. വിഭാഗത്തിലെ തൊഴിൽ രഹിതരായ കുടുംബങ്ങളെ ചേർത്ത് അയൽകൂട്ടങ്ങൾ രൂപീകരിച്ച് കുടുംബശ്രീ മിഷനുമായി അഫിലിയേറ്റ് ചെയ്ത് പ്രവർത്തിച്ചുവരുന്നു.

വാർഡ് തലത്തിൽ എ.ഡി.എസും, പഞ്ചായത്ത് തലത്തിൽ സി.ഡി.എസും കുടുംബശ്രീ അയൽക്കൂട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നു.

## കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ

1. ലഘു സമ്പാദ്യ പദ്ധതി.
2. ലഘുവായ്പാ പദ്ധതി.
3. തൊഴിലധിഷ്ഠിത ബാങ്ക് ലിങ്കേജ് വായ്പ.
4. വനിതാ ശാക്തീകരണ പരിപാടി.
5. ആശ്രയ പുനരധിവാസ പദ്ധതി.
6. ബോധവൽക്കരണ പരിപാടി.
7. സംഘകൃഷി.
8. ബാലസഭ.

ആഴ്ചയോഗങ്ങൾ പ്രതിമാസ മേഖലായോഗങ്ങളെ പഞ്ചായത്ത് തല സി.ഡി.എസ്. യോഗങ്ങൾ, വിലയിരുത്തൽ യോഗങ്ങൾ എന്നിവയാണ് ചട്ടപ്രകാരമുള്ള സാധാരണ ഒത്തുചേരലുകൾ.

കുടുംബശ്രീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും കണക്കുകളുടെ ക്രമീകരണത്തിനും കേന്ദ്രീകൃത പരിശീലനം വിപണനം എന്നിവയ്ക്കും ഉതകുന്ന വിധത്തിൽ ഒരു സി.ഡി.എസ്. ഓഫീസ് മടിക്കൈ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

മടിക്കൈ ഗ്രാമപഞ്ചായത്ത്

↓

പഞ്ചായത്തുതല വിലയിരുത്തൽ സമിതി

↓

കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി (സി.ഡി.എസ്.)
(ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, 7 അംഗങ്ങൾ)

↓

ഏര്യാ ഡവലപ്പ്മെന്റ് സൊസൈറ്റി (എ.ഡി.എസ്.) വാർഡ് യോഗങ്ങൾ
(മെമ്പർ സെക്രട്ടറി)

# ജാഗ്രതാ സമിതി

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിക്ഷേപം, അവകാശ ലംഘനം എന്നിവയിൽ പരാതി സ്വീകരിക്കാനും ഇടപെട്ട് പരിഹരിക്കാനും അത്തരത്തിൽ പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹിക സൃഷ്ടിക്കും വേണ്ടി പ്രവർത്തിക്കാൻ ലക്ഷ്യം വച്ച് കൊണ്ട് രൂപീകരിച്ചതാണ് ജാഗ്രതാ സമിതികൾ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വനിതാ കമ്മീഷന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതിയുടെ പ്രവർത്തനം സ.ഉ.എം. എസ്.നം. 31/07സ.ക്ഷേ.വ. ഉത്തരവിൻ പ്രകാരം വളരെ ഗൗരവത്തിൽ കൃത്യതയോടെ നടത്തേണ്ട പ്രക്രിയയാണ്. പ്രവർത്തനത്തിന് കരുത്ത് പകരുന്നതിന് വേണ്ടി താഴെ തലം മുതൽ വനിതാകമ്മീഷൻ തലം വരെയും സാമൂഹിക നീതി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ആഭ്യന്തര വകുപ്പ് എന്നിവയുടെ കൃത്യമായ മോണിറ്ററിംഗും തുടർ പ്രവർത്തനങ്ങളെ സഹായിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ജാഗ്രതാ സമിതി പ്രവർത്തനം ഓരോ വനിതയുടെയും അടുത്ത് എത്തിക്കുവാനും അവരെ സംബന്ധിക്കുന്ന വിഷയങ്ങൾ ജാഗ്രതാ സമിതിയിൽ എത്തിക്കുവാനും സഹായിക്കുന്ന തരത്തിൽ വാർഡ്തല ജാഗ്രതാസമിതി പ്രവർത്തിക്കുന്നു. 9 അംഗങ്ങളടങ്ങിയ പഞ്ചായത്ത് തല ജാഗ്രതാ സമിതിയുടെ അദ്ധ്യക്ഷൻ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടും, കൺവീനർ ഐ.സി.ഡി.എസ്. സൂപ്പർവൈസറുമാണ്. പോലീസ് സബ്/സർക്കിൾ ഇൻസ്പെക്ടർ, വനിതാ പഞ്ചായത്ത് അംഗം, വനിതാ വക്കീൽ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർ അംഗങ്ങളാണ്.

# പൗരന്റെ ചുമതലകളും കർത്തവ്യങ്ങളും

1. നികുതികൾ യഥാസമയം തന്നെ അടക്കുക. പിഴപലിശ, ജപ്തി, പ്രോസിക്യൂഷൻഎന്നിവ ഒഴിവാക്കുക.
2. പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം അംഗീകരിച്ച പ്ലാനിനും പെർമിറ്റിനും വിധേയമായി മാത്രം പണി ചെയ്യുക.
3. കെട്ടിടം പുതുതായി നിർമ്മിക്കുകയോ നിലവിലുള്ളവ പുതുക്കി പണിയുകയോ ചെയ്താൽ പണി പൂർത്തിയായാൽ ഉടൻ തന്നെ പഞ്ചായത്തിൽ വിവരം അറിയിക്കുകയും നികുതി നിർണ്ണയം / പുനർനിർണ്ണയം നടത്തുകയും ചെയ്യുക.
4. പൊതുസ്ഥലങ്ങൾ, റോഡുകൾ എന്നിവ വൃത്തിയായി സൂക്ഷിക്കുവാൻ സഹകരിക്കുക. ആവശ്യമില്ലാത്ത സാധനങ്ങൾ പൊതുവഴിയിലും, പൊതുസ്ഥലങ്ങളിലും വലിച്ചെറിയുന്ന ശീലം മതിയാക്കുക. ഇവ പൊതുജനങ്ങൾക്ക് ഉപദ്രവമില്ലാത്ത വിധം നിക്ഷേപിക്കുക. വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പാലിക്കുക. മാലിന്യങ്ങൾ വലിച്ചെറിയുന്നത് കുറ്റകരവും ശിക്ഷാർഹവുമാണ്.
5. പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നതും മദ്യം കഴിക്കുന്നതും ഉപേക്ഷിക്കുക. അപ്രകാരം ചെയ്യുന്നവരെ നിരുത്സാഹപ്പെടുത്തുക. നിശ്ചിത മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകൾ ബഹിഷ്കരിക്കുക.
6. പാൻപരാഗ്, ഹാൻസ് തുടങ്ങിയ പേരുകളിൽ വിൽക്കപ്പെടുന്ന ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളുടെ ഉപയോഗം ഉപേക്ഷിക്കുക.
7. ഹോട്ടലുകൾ, പഴക്കടകൾ, മറ്റ് സ്ഥാപനങ്ങൾ, പൗൾട്രിഫാം എന്നിവയുടെ അവശിഷ്ടം സ്വന്തം നിലകളിൽ സംസ്കരിക്കുക.
8. വളർത്ത് മൃഗങ്ങൾ, കോഴി, താറാവ് എന്നിവയും പൊതു സ്ഥലങ്ങളിലും കൃഷിയിടങ്ങളിലും അലഞ്ഞ് തിരിയുവാൻ അനുവദിക്കരുത്. പരിസരവാസികൾക്ക് ഇവ മൂലം ശല്യമുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.
9. വ്യാജവാറ്റ് പോലുള്ള സാമൂഹ്യതിന്മകൾ അവസാനിപ്പിക്കുകയും അവ ചെയ്യുന്നവരെ നിരുത്സാഹപ്പെടുത്തുകയും അധികാര സ്ഥാപനങ്ങളിൽ വിവരമറിയിക്കുകയും ചെയ്യുക, ലൈസൻസ് കൂടാതെയോ ലൈസൻസ് വിരുദ്ധമായോ ഒരു സ്ഥാപനവും നടത്താതിരിക്കുക.
10. പൊതുവായ കുടിവെള്ള സ്രോതസ്സുകൾ മലിനമാകാതെ ശ്രദ്ധിക്കണം.
11. ഗ്രാമസഭാ യോഗങ്ങളിൽ പങ്കെടുക്കുകയും നാടിന്റെ വികസനത്തിന് പങ്കാളികളാകുകയും ചെയ്യുക.
12. അയൽകൂട്ടങ്ങളുടെ രൂപീകരണത്തിന് താല്പര്യം കാണിക്കുകയും അവയെ ശക്തിപ്പെടുത്താനും നിലനിർത്താനും പരിശ്രമിക്കുകയും ചെയ്യുക.
13. സ്വന്തം പറമ്പിലെ മരമോ അതിന്റെ കൊമ്പുകളോ അന്യന്റെ കെട്ടിടത്തിന് ഭീഷണിയായി നൽക്കുകയോ അവരുടെ കൃഷിയ്ക്ക് ദോഷകരമായി നിൽക്കുകയോ, അവരുടെ കുടിവെള്ള സ്രോതസ്സിന് മലിനമാക്കുന്ന വിധത്തിൽ ആയിരിക്കുകയോ ചെയ്യുന്നുവെങ്കിൽ ആ മരമോ അതിന്റെ കൊമ്പുകളോ മുറിച്ച് മാറ്റുകയും തടസ്സം നീക്കുകയും നിയമനടപടികളിൽ നിന്നും ഒഴിവാക്കുകയും ചെയ്യുക.
14. പഞ്ചായത്ത് രാജ് നിയമങ്ങളുടെ ലംഘനം, പഞ്ചായത്ത്രാജ് ആക്ടിലെ വിവിധ ചട്ടങ്ങൾ പ്രകാരം ശിക്ഷാർഹമാണെന്നും അറിയുക.

✪✪✪

**പഞ്ചായത്തിന്റെ വരുമാനം**
**വികസന പ്രവർത്തനങ്ങൾക്ക്.**

✪

**നികുതി അടയ്ക്കുക**
**വികസന പ്രവർത്തനത്തിൽ പങ്കാളിയാവുക.**

✪

**നികുതി കൃത്യമായി അടയ്ക്കുക കടമ നിറവേറ്റുക.**
**"നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ"**

✪

**പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ**
**ഓരോരുത്തരുടെയും കൈകളിൽ.**

✪

**പകർച്ചവ്യാധികളെ അകറ്റുക**
**പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക്**
**മുൻകൈ എടുക്കുക.**

✪

**പ്ലാസ്റ്റിക് വർജ്ജിക്കുക...**
**പ്രകൃതിയെ സംരക്ഷിക്കുക...**
**പ്ലാസ്റ്റിക് മണ്ണിനെ, മരങ്ങളെ, മനുഷ്യനെ കൊല്ലുന്നു...**

✪

**പ്ലാസ്റ്റിക് രഹിത ഭൂമി,**
**കൂടുതൽ ഊർവ്വരഭൂമി,**
**കൂടുതൽ സുന്ദരഭൂമി.**

✪

**ആരോഗ്യമുള്ള ജനത...**
**നാടിന്റെ സമ്പത്ത്.**

✪

**ജൈവ - അജൈവ മാലിന്യങ്ങൾ**
**ഹരിതകർമ്മസേനക്ക് കൈമാറുക.**

✪✪✪

ഗ്രാമ പഞ്ചായത്ത് നൽകുന്ന എല്ലാ സേവനങ്ങളും
കൃത്യമായി ജനങ്ങളിൽ എത്തുന്നുണ്ട്
എന്നുള്ളതാണ് വിശ്വാസം.
സേവനങ്ങൾ സുതാര്യവും സമയബന്ധിതവുമായി
ജനങ്ങൾക്ക് നൽകുന്നതിന് പഞ്ചായത്ത് പ്രസിദ്ധീകരിക്കുന്ന
ഈ പൗരാവകാശരേഖ ഉപകരിക്കുമെന്ന്
ആശംസിക്കുന്നു.

**ബിജു കെ.**
സെക്രട്ടറി.
മടിക്കൈ ഗ്രാമപഞ്ചായത്ത്.

മടിക്കൈ,
20-05-2026.